*തോമസ് പറഞ്ഞു: എന്റെ കർത്താവേ, എന്റെ ദൈവമേ!*
*യേശു അവനോടുപറഞ്ഞു:*
*നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു:*
*കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാൻമാർ.*
*(യോഹന്നാൻ 20:28 – 29)*

CENTURY EDITION
(2015 APRIL - 2023 JULY)



# ടച്ച് മീ
TOUCH ME

ജൂലൈ 2023






# Austin : Rhea

S/o. Mr. Abraham Thaliath
& Mrs. Sheeja Abraham
Thaliath House
Thevara
Ernakulam

D/o. Dr. Giju Baby
& Mrs. Geena Giju
Chungath House
Nehru Nagar, IIIrd Avenue
Kunnamkulam

*Best Compliments From : Neha Liz Chungath*




# ടച്ച് മീ

TOUCH ME

## പാരിഷ് ബുള്ളറ്റിൻ

പുസ്തകം : 15 – 2023 ജൂലൈ – ലക്കം : 11

സെന്റ്. സെബാസ്റ്റ്യൻസ് കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
മറ്റം ഫൊറോന – തൃശ്ശൂർ അതിരൂപത
kunnamkulamch@adtcr.org
www.touchmekkm.in

ESTD : 1747





## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
**ഫാ. ദാവീദ് വിതയത്തിൽ**
70120 43479

എഡിറ്റർ
**ജോണി ബെഫോ**
93493 79009

സബ്ബ് എഡിറ്റേഴ്സ്
**സിസ്റ്റർ അൻസ ജോസ്** CMC
80869 50771

**M.K. ദേവസ്സി**
94953 28758

**ജോൺസൺ പാവു**
94476 54230

സെക്രട്ടറി, ഇടവക PRO
**V.C. ജോസി**
98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**M.L. സുനിൽ**
98464 34411

അംഗങ്ങൾ
ഡോ. പോൾ C. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ
**എൻ.ജെ. ജെയ്മോൻ** 88489 29956
**കെ.ജെ. ജെയ്സൺ** 99476 59286
**ജോസ് കിരൺ** 85476 68766


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| വിശ്വാസപരിശീലനം | 5 |
| വിശ്വാസ പരിശീലന ടീം | 6 |
| പുസ്തകപരിചയം | 8 |
| സഭാ വാർത്തകൾ | 9 |
| നല്ല സമരിയാക്കാരൻ... | 11 |
| മാറിലെ വേദനയും... | 13 |
| പൊതുയോഗ വാർത്തകൾ | 15 |
| കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ | 16 |
| ഓർമ്മിക്കേണ്ട ദിനങ്ങൾ | 17 |
| വെല്ലുവിളികളുടെ യുവത്വം | 18 |
| സെന്റ് ജോർജ്ജ് വാർഷികം | 20 |
| കർമ്മലമാതാവേ സ്വസ്തി | 21 |
| മഴക്കാലമെത്തി... രോഗങ്ങളും | 23 |
| സ്മരണീയമായ ചില ദിവസങ്ങൾ | 25 |
| പാചക കോർണർ | 28 |
| നിറംകൊടുക്കാമോ | 29 |
| ചിത്രശാല | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

"അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരലിടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല." (യോഹന്നാൻ 20:25)

"എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് ഏറ്റുചൊല്ലിക്കൊണ്ട് വിശ്വാസത്തിന്റെ പുതിയ പാത തുറന്ന വിശുദ്ധ തോമാശ്ലീഹാ, ഇത് വിശുദ്ധ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1951-ാം വർഷം. എ.ഡി. 52ൽ ക്രിസ്തു ശിഷ്യൻ കൊടുങ്ങല്ലൂർ എത്തിയതോടെ ഇന്ത്യയിലെ ക്രൈസ്തവരുടെ ചരിത്രവും ആരംഭിച്ചു. എ.ഡി. 72ൽ രക്തസാക്ഷിയായി. ക്രിസ്തുവിനൊപ്പം ജീവിക്കുകയും അവന്റെ തിരുമുറിവിൽ സ്പർശിക്കുകയും ചെയ്ത വിശുദ്ധന്റെ അനുഭവങ്ങളും വിശ്വാസത്തിനുവേണ്ടിയുള്ള രക്തസാക്ഷിത്വവും ആണ് നമ്മുടെ പൈതൃകങ്ങളുടെ കാതൽ എന്ന് ഓർമിപ്പിക്കാൻ വീണ്ടും ഒരു ദുക്റാന തിരുനാൾ, സ്നേഹത്തിലും ചോരയിലും എഴുതിയ ചരിത്രദിനം. തോമാശ്ലീഹായെപോലെ ക്രിസ്തുവിനു വേണ്ടി വാശിപിടിക്കാനും സധൈര്യം മുന്നോട്ട് വരാനും ക്രിസ്തീയ മൂല്യത്തിൽ വളരാനും മറ്റുള്ളവർക്കും ക്രിസ്തു അനുഭവം പകരാനും ഈ കാലഘട്ടത്തിൽ നമുക്ക് ശ്രമിക്കാം.

പരിശുദ്ധ കർമ്മലമാതാവിന്റെ തിരുനാൾ ദിനം ആണല്ലോ ജൂലൈ 16. പരിശുദ്ധ കർമ്മല മാതാവ് സൈമൺ സ്റ്റോക്കിനോട് പറയുമായിരുന്നു. എന്റെ സാഹോദര്യത്തിന്റെ അടയാളവും രക്ഷയുടെ അച്ചാരവുമായ ഈ കർമ്മലോത്തരീയം സ്വീകരിക്കുക. ഈ ഉത്തരീയും ധരിച്ചു മരിക്കുന്നവർ ഒരിക്കലും നശിക്കുകയില്ല. അമ്മയുടെ സംരക്ഷണം ഇന്നത്തെ യുവതീയുവാക്കൾക്ക് കരുത്ത് പകരട്ടെ. മാതാവിന്റെ പ്രിയമകളും ഭാരതത്തിന്റെ പ്രഥമ വിശുദ്ധയുമായ അൽഫോൻസാമ്മയും നമ്മോട് പറയുന്നുണ്ട്. എന്തും സഹിക്കുക, വിനയത്തെ ജീവിതത്തിന്റെ മുഖമുദ്രയായി സ്വീകരിക്കുക.

ഒരു അലസജീവിതം നയിക്കാനോ, പാപജീവിതം നയിക്കാനോ, ലഹരി മരുന്നുപയോഗ ജീവിതം നയിക്കാനോ, മറ്റുള്ളവരുടെ ജീവൻ എടുക്കാനോ, തന്നിഷ്ടം പോലെ ജീവിച്ച് ദീർഘായുസ്സ് അൽപായുസാക്കി മാറ്റാനോ അല്ല ഈ ജീവിതം ദൈവം അനുവദിച്ചിരിക്കുന്നത്. സ്വന്തം പിതാവിനാൽ വെട്ടിനുറുക്കപ്പെട്ട നക്ഷത്ര എന്ന ഇളം കുരുന്നിന്റെ ജീവനുവേണ്ടിയുള്ള ദീനരോദനം നമ്മുടെ കാതുകളിൽ ഇന്നും മുഴങ്ങുന്നില്ലേ? നായ്ക്കളാൽ കീറിമുറിക്കപ്പെട്ട് മരണമടഞ്ഞ നിഹാലിന്റെ ഓർമ്മകൾ എന്നെ വേദനിപ്പിക്കുന്നില്ലേ? മനുഷ്യനേക്കാൾ മൃഗങ്ങൾക്ക് വിലകൽപ്പിക്കുന്ന ലോകവും നിയമങ്ങളും, നമുക്ക് കണ്ണുകൾ തുറക്കാം. ആത്മീയ ഉണർവിലേക്ക്, പ്രാർത്ഥനയുടെ ഉണർവിലേക്ക് ഉയർന്നുവരാം. സുഖാസക്തികളോട് നോ പറഞ്ഞ് വിശുദ്ധ ജീവിതം നയിക്കാൻ നമുക്ക് കഴിയണം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

2015 മാർച്ചിൽ ചുമതലയേറ്റ്, ഏപ്രിൽ മാസം മുതൽ പ്രസിദ്ധീകരണം ആരംഭിച്ച ടച്ച്-മീ പാരിഷ് ബുള്ളറ്റിന്റെ നിലവിലുള്ള എഡിറ്റോറിയൽ ബോർഡ്, 8 വർഷവും 4 മാസവും പിന്നിട്ട് 100-ാമത് പുസ്തകമാണ് ഈ മാസം പ്രസിദ്ധീകരിക്കുന്നത്. ഈ 100 മാസവും ടച്ച്-മീ യാതൊരു മുടക്കവും കൂടാതെ, ഒട്ടും മാറ്റ് കുറയാതെ പ്രസിദ്ധീകരിക്കുന്നതിന് ഞങ്ങൾക്ക് വേണ്ടുന്ന എല്ലാവിധ സഹായസഹകരണങ്ങളും പ്രോത്സാഹനങ്ങളും നൽകിയ ഏവരേയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും എല്ലാവിധ സഹായസഹകരണങ്ങളും പ്രോത്സാഹനങ്ങളും പ്രതീക്ഷിച്ചുകൊണ്ട്

ടച്ച് മീ
TOUCH ME
എഡിറ്റോറിയൽ ബോർഡ്



## ഇടയമൊഴി

# ദുക്റാന

വീണ്ടും ഒരു ഓർമ്മ തിരുനാൾ...
നമ്മുടെ പിതാവായ തോമശ്ലീഹായുടെ,
ജീവത്യാഗത്തിന്റെ സ്മരണ പുതുക്കൽ,
അവനോട് കൂടെ പോയി മരിക്കാം,
ശ്ലീഹ ഏറ്റുപറഞ്ഞതും, തിരഞ്ഞെടുത്തതും,
ആ വഴിതന്നെ ആയിരുന്നു.
പാമ്പാട്ടികളും, തെരുവുമാന്ത്രീകരും,
പരസ്പരം യുദ്ധം ചെയ്യുന്ന രാജാക്കന്മാരും,
നിറഞ്ഞ നാട് - അതായിരുന്നു ഭാരതം.
ആ നാടിനെ ലക്ഷ്യം വെച്ച്,
യാത്ര തുടങ്ങിയ ശ്ലീഹ,
പിന്നിട്ട വഴികളിലും, വിശ്വാസത്തിന്റെ,
പൊൻ കതിർ വീശി...
ഇറാക്കിലും സിറിയായിലും മറ്റും,
ക്രൈസ്തവ സമൂഹങ്ങൾ ഉടലെടുത്തു.
മത മർദ്ദനത്തിന്റെ, ചോരചാലുകളിലാണ്,
ഇന്ന് ആ വിശ്വാസി സമൂഹം,
മുസ്ലീം ഭീകരർ തകർത്ത ദൈവാലയങ്ങളും,
ജീവരക്ഷാർത്ഥം പലായനം ചെയ്ത,
ക്രൈസ്തവരുടെ ഒഴിഞ്ഞ ഭവനങ്ങളും,
ആയിരക്കണക്കിന് രക്തസാക്ഷികളുടെ,
ചിതറികിടക്കുന്ന തലയോട്ടികളും നിറഞ്ഞ
ശ്മശാന ഭൂമി...
വിശ്വാസത്തിന്റെ നീർചോലകളിൽ മേയുന്ന,
നമുക്ക് നന്ദിയോടെ ഓർക്കാം...
നാമെത്ര ഭാഗ്യവാന്മാർ...

*സസ്നേഹം*
**ദാവീദച്ചൻ**

# വിശ്വാസപരിശീലന വര്‍ഷാരംഭം






**Dr. Lijo**
S/o. Mr. Joy K.L.
& Mrs. Lissy Joy
Kanjirathingal House
Viyyur
Thrissur

**Nimisha**
D/o. Mr. K.G. Shabu
& Mrs. Jinny Shabu
Kuttikkatt House
Thekkepuram
Kunnamkulam



*Sharing Happiness : Dear & Near*

# ആശംസകൾ



ഇടവകയിൽ നിന്നും വിജയതേരിൽ മുന്നേറിക്കൊണ്ടിരിക്കുന്ന ടച്ച് - മീ പാരിഷ് ബുള്ളറ്റിൻ എഡിറ്റോറിയൽ ബോർഡ് 100 - ാമത് സ്പെഷ്യൽ പതിപ്പ് പുറത്തിറക്കുന്നതിൽ ഇടവക കൈക്കാരൻ എന്ന നിലയിൽ ഞാൻ ഏറെ അഭിമാനം കൊള്ളുന്നു. വിവിധങ്ങളായ പ്രതി സന്ധികൾ നാടിനെയും ദേശത്തേയും ലോകത്തേയും വിറപ്പിച്ച പ്പോഴും ഒരു പുഴുക്കുത്ത്പോലും ഏൽക്കാതെ, എല്ലാ മാസവും മുടങ്ങാതെ നമ്മുടെ ഭവനങ്ങളിൽ ടച്ച് - മീ എത്തിയിരുന്നു. വീട്ടിലോ, യാത്രയിലോ, പുറം രാജ്യ ത്തിലോ ഇരുന്നു ഒരു വിരൽതുമ്പിൽ ടച്ച് - മീയെ അറിയാൻ പാകത്തിനാക്കി മാറ്റിയ ഇതിന്റെ എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ, ഏറെ പ്രശംസ അർഹിക്കുന്നു. അതിരൂപത പാരിഷ് ബുള്ളറ്റിൻ മത്സരങ്ങളിൽ ഏറെ സമ്മാനങ്ങൾ വാരിക്കൂട്ടിയ ടച്ച് - മീക്ക് ഈ കാലഘട്ടത്തിൽ, അതിന് ഒരു നൂതന രീതി ആവിഷ്കരിക്കാൻ അവർക്കു സാധിച്ചു എന്നത് ഏറെ അഭിമാനം കൊള്ളിക്കുന്നു. ഈ കാലയളവിൽ സേവനം ചെയ്ത എല്ലാ വൈദികശ്രേഷ്ഠർക്കും, അവർ ഇപ്പോൾ സേവനം ചെയ്യുന്ന ഇടവകയിൽപോലും ടച്ച് - മീ എത്തിച്ച് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിച്ച് അനുഗ്രഹദായകമായ രീതിയിൽ പ്രവർത്തിക്കുന്നതിനോടൊപ്പം ഇതിനെ വിഭാവനം ചെയ്യുന്ന വികാരി ദാവീദ് വിതയത്തിൽ അച്ചനും ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ഓരോ എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും ഇടവകയുടെ പേരിലും കൈക്കാ രൻ എന്ന നിലയിലും എല്ലാവിധ പ്രാർത്ഥനാശംസകളും നേരുന്നു.

**എൻ. ജെ. ജെയ്മോൻ**
**ഇടവക കൈക്കാരൻ**



ടച്ച് - മീ എഡിറ്റോറിയൽ ബോർഡ്, പുറത്തിറക്കുന്ന ടച്ച് - മീയുടെ നൂറാം സ്പെഷ്യൽ പതിപ്പിന് ഹൃദയം നിറഞ്ഞ ആശംസകൾ, നമ്മുടെ ഇടവക ബുള്ളറ്റിൻ അതിരൂപത തലത്തിൽ മുൻപന്തിയിൽ തന്നെ ആണെന്നത് പ്രത്യേകം അഭിനന്ദനങ്ങൾ അർഹിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന എല്ലാ ഭാരവാഹികൾക്കും പ്രത്യേകം അഭിന ന്ദനങ്ങൾ

**കെ. ജെ. ജെയ്സൺ**
**ഇടവക കൈക്കാരൻ**



ടച്ച് - മീ പാരിഷ് ബുള്ളറ്റിൻ 15 - ാം വാർഷികം ആഘോഷിക്കുന്ന ഈ വർഷത്തിൽ, എഡിറ്റോറിയൽ ബോർഡിന് ടച്ച് - മീയെ ഇനിയും ഉയരങ്ങളിലേക്ക് എത്തിക്കാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അതിനൊപ്പം ഈ മാസം പുറത്തിറക്കുന്ന നൂറാമത് ടച്ച് - മീ സ്പെഷ്യൽ പതിപ്പിന് എല്ലാ വിധ ആശംസകളും, എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്ക് എല്ലാവിധ സപ്പോർട്ടും, അഭിനന്ദനങ്ങളും നേരുന്നു.

**ജോസ് കിരൺ**
**ഇടവക കൈക്കാരൻ**






പി.എ. ലില്ലി
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളെ,

എല്ലാവർക്കും സുഖമെന്നു കരുതുന്നു. സ്കൂൾ തുറന്ന് പുതിയ ക്ലാസിലെത്തിയതിന്റെ സന്തോഷമായിരിക്കും എല്ലാവർക്കും. പുതിയ പുസ്തകങ്ങൾ, പുതിയ കൂട്ടുകാർ, പുതിയ അധ്യാപകർ പുതുമ എല്ലാ മനുഷ്യരും ഇഷ്ടപ്പെടുന്നതാണ്. അതോടൊപ്പം മറ്റൊരുകാര്യം ഓർമ്മിപ്പിക്കാനുണ്ട്. മഴക്കാലമാണ് സൂക്ഷിക്കണം. രോഗങ്ങൾ പിടിപെടാൻ എളുപ്പമാണ്. അതുകൊണ്ട് ആരോഗ്യകാര്യങ്ങളിൽ എപ്പോഴും മുൻകരുതലെടുക്കുക.

വിശ്വാസപരിശീലന ക്ലാസ്സും തുടങ്ങികഴിഞ്ഞു. പുസ്തകങ്ങൾ കിട്ടിക്കാണുമെന്നു കരുതുന്നു. ഈ വർഷം എല്ലാവരും ലോഗോസ് ക്വിസ് എഴുതണം. അതിനു വേണ്ടിയുള്ള പരീക്ഷകൾ നമ്മൾ നടത്തുന്നുണ്ട്.

വിശ്വാസപരിശീലനത്തിനു വരുന്ന കുട്ടികൾ പള്ളിയുടെ ചുറ്റും ഇരുന്ന് സംസാരിക്കുകയും മൊബൈൽ ഫോണിൽ കളിക്കുകയും ചെയ്യുന്നത് നല്ലരീതിയല്ല എന്ന് കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. നമ്മുടെ കുട്ടികളെല്ലാം വന്നയുടനെ പള്ളിയിൽ കയറി ഇരിക്കുന്നുണ്ട്. അഭിനന്ദനങ്ങൾ, അതുപോലെ അസംബ്ലികഴിഞ്ഞ ഉടനെ ക്ലാസ്സുകളിലേക്കും പോകാൻ ശ്രദ്ധിക്കണം. നമ്മുടെ സമയം ഓർമ്മയുണ്ടല്ലോ. 7.20നുതന്നെ എല്ലാവരും പള്ളിയിൽ എത്തിച്ചേരണം.

സ്നേഹത്തോടെ
ലില്ലിടീച്ചർ



ജൂലൈ 3 തിങ്കൾ
**സെന്റ് തോമസ് ദിനം**
ഏവർക്കും ടച്ച്-മീയുടെ
**ദുക്റാന തിരുനാൾ**
**ആശംസകൾ**


**വിശുദ്ധ കുർബാന : രാവിലെ 6.00 മണിക്ക്**

# കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്
# വിശ്വാസപരിശീലന ടീം


ഫാ. ദാവീദ് വിതയത്തിൽ
(ഡയറക്ടർ)


പി. എ. ലില്ലി
(പ്രിൻസിപ്പാൾ)


ജിനി ജെയ്മോൻ
(സെക്രട്ടറി)


ബ്ര. ആകാശ് വെട്ടികാട്
Std : ACC


സിസ്റ്റർ ജസ്റ്റിന
Std : XII


സീന രാജു
Std : XI


സിംഷ ജോയ്
Std : X


എം. ജെ. അഭിലാഷ്
Std : IX


സിസ്റ്റർ ഡെൽന റോസ്
Std : VIII


നിമ്മി സി. ഡൊമിനിഗോസ്
Std : VII


പി. ജെ. കൃപദാസ്
Std : VI


പി. ജെ. ജോൺപോൾ
Std : V



മിനി വർഗ്ഗീസ്
Std : IV


ഷോബി റോണാൾഡ്
Std : III


അഞ്ജലി മരിയ ഷാജി
Std : II


സാന്ദ്ര എം. സുനിൽ
Std : I



അനു ആനന്ദൻ
Std : Nursery


സി.ഡി. ബിന്നി
Substitute


ബീന ജോർജ്ജ്
Substitute


സി.എ. അരുൺ
Substitute

## *2023 - 24 വർഷത്തെ വിശ്വാസപരിശീലന ലീഡർമാർ*


**Alphin P. Ronald**
(Head Leader)


**V.M. Sandra**
(Head Leader)

### ***Class Leaders***

| | | |
|---|---|---|
| ACC | : | C.J. Jashly<br>Alphin P. Ronald |
| XII | : | V.M. Sandra<br>Shiyon Josy V. |
| XI | : | Angel Biju<br>Senit Sunil |
| X | : | Ashlin Rose Ditto<br>Amal Rosh |
| IX | : | P.B. Niya<br>Paul Immanuvel |
| VIII | : | Anna Johnson<br>Isable Rose Joy |
| VII | : | Andrea Christee<br>C.S. Iwin |
| VI | : | Annie Varghese<br>Rolls Roby |
| V | : | Grace V. Manoj<br>P.P. Shijin |
| IV | : | Aleena Kakkassery<br>Evan Johnson |
| III | : | Evaniya Vinu<br>V.J. Godvin |
| II | : | Thabitha John<br>Christiano Jijo |
| I | : | V.J. Angel<br>Nevan Joseph |

# പുസ്തക പരിചയം



**സിസ്റ്റർ അൻസ ജോസ് CMC**

## "വിജയത്തിന്റെ ഇതിഹാസം"

മലയാള മനസ്സിനെ തൊട്ടറിഞ്ഞ അദ്വിതീയമായ സെൽഫ് കൗൺസലിംഗ് പോസിറ്റീവ് തിങ്കിങ് ഗ്രന്ഥം. 100000 കോപ്പികൾ വിറ്റഴിഞ്ഞ ഗ്രന്ഥം. വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും മാറ്റങ്ങൾ സ്വഷ്ടിക്കാൻ വിജയത്തിന്റെ ഇതിഹാസം എന്ന ഗ്രന്ഥം സഹായകരമാണ്. ജീവിതം വിജയകരമാകുന്നത് എങ്ങനെയാണ്? അതിന് ഉതകുന്ന സൂത്രവാക്യങ്ങളും മാർഗനിർദ്ദേശങ്ങളുമാണ് സ്നേഹപുരസ്സരം ഈ ഗ്രന്ഥത്തിൽ അവതരിപ്പിക്കുന്നത്. വിജയത്തിന്റെ ആകാശങ്ങളിലേക്ക് പറന്നുയരാൻ സഹായിക്കുന്ന 18 കഥകളും കാര്യങ്ങളും മനസ്സിന്റെ ആഴങ്ങളിലേക്ക് കടന്നുകയറി അവിടെ വെളിച്ചത്തിന്റെ പ്രളയം സ്വഷ്ടിക്കും. ഇതിലെ സംഭവങ്ങളും വാക്കുകളും നിങ്ങളുടെ ഉപബോധമനസ്സിൽ കയറിച്ചെല്ലും. അവിടെ വെളിച്ചത്തിന്റേയും വിജയത്തിന്റേയും ഒരുകോടി സൂര്യപ്രഭ ചൊരിയും.

വിജയത്തിന്റെ ഇതിഹാസം അസാധാരണമായ ഒരു പുസ്തകമാണ്. വലിയ പ്രതീക്ഷകൾ വാരിനിറച്ച് വായനക്കാരന്റെ മനസ്സിനെ ആഹ്ലാദ പൂർണ്ണമാക്കുന്നു. ഇതിലെ വാക്കുകളും കഥകളും സ്നേഹത്തിന്റെ ചാലകശക്തിയാണ്. വഴിയറിയാത്തവർക്ക് ഇത് വഴിയായി മാറുന്നു. ദുഃഖിതന് ഒരു സാന്ത്വനമാണ്. നല്ല അറിവുകൾ നൽകുന്ന അവയെ അനുഭവതലത്തിൽ ഹൃദയംഗമമാക്കുന്ന സവിശേഷഗ്രന്ഥമാണ് വിജയത്തിന്റെ ഇതിഹാസം. ഇത് ഷെൽഫിൽ ഒതുക്കി വയ്ക്കാനുള്ളതല്ല. ഹൃദയത്തോട് ചേർത്ത് പിടിക്കാനുള്ളതാണ്.

ഉയർന്ന ചിന്ത, ഉയർന്ന സ്വപ്നം, ഉന്നതമായ ആസൂത്രണം എന്നിങ്ങനെ ഔന്നത്യത്തിന്റെ പ്രകാശവീഥികളിലൂടെ സഞ്ചരിച്ച് ഏറ്റവും മികച്ചത് സ്വന്തമാക്കാമെന്ന ഉദ്ബോധനം ആർക്കാണ് അവഗണിക്കാനാവുക? തോൽക്കാൻ മനസില്ലാത്തവർക്ക് പരിശ്രമശാലികൾക്ക് നക്ഷത്ര പഥം അകലെയല്ല, ആ ഉന്നതങ്ങളിൽ എത്തിച്ചേരാൻ യഥാർത്ഥമായ ജ്ഞാനം ആവശ്യമാണ്. നക്ഷത്രങ്ങളെ ജ്ഞാനി ചൂണ്ടികാണിക്കുമ്പോൾ വിരലുകൾ മാത്രം കണ്ട് വിഡ്ഢികളാകരുതെന്ന് സജി തലവൂർ ഹൃദ്യമായ ശൈലിയിൽ പ്രതിപാദിക്കുന്നു. വിജയത്തിന്റെ ഇതിഹാസം! ജീവിതവിജയത്തിന് ഒരു സ്വർണ്ണ താക്കോൽ! ചിന്താരത്നങ്ങളുടെ ചെപ്പ്. ഈ പുസ്തകം ഒറ്റയിരിപ്പിന് വായിച്ചു തീർക്കരുത്. ഇതിലെ വാക്കുകൾ ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും പ്രശ്നപരിഹാരത്തിനും ജീവിത പുരോഗതിക്കും സഹായകമായ പ്രമാണരേഖകളാണ്. യുവാക്കൾക്കും വൃദ്ധജനങ്ങൾക്കും കുടുംബജീവിതം നയിക്കുന്നവർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രയോജനപ്രദമായ അമൂല്യമായ ഈ പുസ്തകം നമുക്കും വായിക്കാം, ധ്യാനിക്കാം.

| | | |
|---|---|---|
| പുസ്തകത്തിന്റെ പേര് | : | വിജയത്തിന്റെ ഇതിഹാസം |
| രചന | : | സജി തലവൂർ |
| വില | : | 175 രൂപ |
| പ്രസിദ്ധീകരണം | : | സക്സസ് ഇന്ത്യാ ബുക്സ്, തിരുവനന്തപുരം |
| ഫോൺ | : | 0471- 2445750 |

35th

03-07-2023

Wedding Anniversary

C.J. Paul & Jancy Paul

Chowalloor House

Pattambi Road - Kunnamkulam

20th

HAPPY BIRTHDAY!

16 07 23

Christo C. Paul


S/o. C.J. Paul & Jancy Paul

Chowalloor House

Pattambi Road, Kunnamkulam



## ആശംസകൾ




നമ്മുടെ ഈ ചെറിയ ഇടവകയിലെ ഇടവകജനങ്ങളുടെ ശബ്ദമാണ് 'ടച്ച് - മീ'. ഇപ്പോഴത്തെ എഡിറ്റോറിയൽ ബോർഡ് വളരെ കാര്യക്ഷമമായി ഇടവകയിലെ മുഴുവൻ വിഭാഗങ്ങളുടേയും പങ്കാളിത്തത്തോടെ അതിരൂപതയുടെ തന്നെ അഭിമാനമായ ടച്ച് - മീയെ നടത്തിക്കൊണ്ട് വരുന്നു.

കേവലമായ ഒരു പാരിഷ് ബുള്ളറ്റിൻ എന്ന നിലയിൽ നിന്നും എല്ലാവരും ആകാംഷാപൂർവ്വം കാത്തിരിക്കുന്ന ഇടവകയുടെ തനതു ശബ്ദമായി ടച്ച് - മീയെ മാറ്റിയതിൽ പൊതുവായി ഇടവകാംഗങ്ങൾക്കും പ്രത്യേകമായി കാലാകാലങ്ങളിൽ അതിനുമാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ബഹു. വികാരിയച്ചൻമാർക്കും ഈ കാലയളവിൽ ഇതിനെ നയിച്ച എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കുമുള്ള പങ്ക് നിസ്തുലമാണ് എന്ന് പറയാതെവയ്യ.

ടച്ച് - മീയിലേക്കാവശ്യമായ വിവിധ പംക്തികളുടെ ശേഖരണം, ആവശ്യമായ ധനസമാഹരണം, അച്ചടിവിതരണം തുടങ്ങീ എല്ലാമേഖലകളിലും ടച്ച്മീയുടെ സെക്രട്ടറി വി.സി. ജോസി, ട്രഷറർ എം.എൽ. സുനിൽ എന്നിവയുടെ അശ്രാന്ത പരിശ്രമം പ്രത്യേകം സ്മരണീയമാണ്. ടച്ച് - മീയുടെ എഡിറ്റോറിയൽ ബോർഡ് പുറത്തിറക്കുന്ന 100 - ാമത് പതിപ്പ് ഈ വേളയിൽ ഇടവക ജനങ്ങളുടെ ഹൃദയത്തെ തൊടുന്ന ശബ്ദമായി ടച്ച് - മീ ഇനിയും തുടരട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. എല്ലാ ഭാവുകങ്ങളും നേരുന്നു.

**തോംസൺ തച്ചിൽ**
**സെക്രട്ടറി, ഇടവക പ്രതിനിധിയോഗം**



പ്രിയ ടച്ച് മീ ഭാരവാഹികളെ,

പാരിഷ് ബുള്ളറ്റിൻ എന്ന ആശയം ഉടലെടുത്തത് ഫാദർ ഫ്രാങ്ക്ളിൻ കണ്ണനായ്ക്കലിന്റേതായിരുന്നു. 2008 സെപ്തംബറിൽ പാരിഷ് ബുള്ളറ്റിന്റെ പേപ്പർ രൂപത്തിലുള്ള ആദ്യപ്രതി പ്രകാശനം ചെയ്യുമ്പോൾ ടച്ച് - മീ എന്ന പേരുനൽകിയതും ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ അച്ചൻ ആയിരുന്നു. ഭാഗ്യം എന്നു പറയട്ടെ, അന്നത്തെ കൈക്കാരന്മാരായിരുന്നത് ഞാനും, ശ്രീ. എം.ആർ. ആന്റോയും ആയിരുന്നതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു. നിർഭാഗ്യം എന്നുപറയട്ടെ 2015 കാലഘട്ടത്തിൽ സാമ്പത്തിക ബുദ്ധിമുട്ടുകാരണം ടച്ച് - മീ പ്രസിദ്ധീകരണം ചെയ്യാൻ പറ്റാത്ത അവസ്ഥ ഉണ്ടാകുകയും, അത് നടത്തിക്കൊണ്ടുപോകുവാൻ ആളില്ലാത്ത ഒരു അവസ്ഥയും ഉണ്ടായപ്പോഴുമാണ്, ഇപ്പോഴത്തെ ടച്ച് - മീ ഭാരവാഹികൾ അത് ഏറ്റെടുത്ത് നടത്തുവാൻ മുന്നോട്ട് വന്നത്. അവരുടെ ആത്മാർത്ഥമായ പരിശ്രമങ്ങളുടെ ഫലമായി, നമ്മുടെ കൊച്ചു ഇടവക ആയിട്ടുപോലും, അതിരൂപത തലത്തിൽ സമ്മാനങ്ങൾ വാങ്ങിക്കൂട്ടിയത് നമുക്ക് അറിയാമല്ലോ. അതുകൊണ്ടുതന്നെ ടച്ച് - മീ ഭാരവാഹികൾ എല്ലാ തരത്തിലും അഭിനന്ദനം അർഹിക്കുന്നു. ഒപ്പം തന്നെ നിലവിലുള്ള ഭാരവാഹികൾ, നൂറാം പതിപ്പ് പ്രകാശനം ചെയ്യുന്ന വേളയിൽ എല്ലാവിധ ഭാവുകങ്ങളും ആശംസകളും നേരുന്നു.

സസ്നേഹം : **സി.ഒ. ആന്റണി**
ഭക്തസംഘടന ഏകോപന സമിതി സെക്രട്ടറി



# സഭാ വാർത്തകൾ


**ബെനഡിക്ട് 16-ാമന്റെ ദീർഘവീക്ഷണത്തിന് ഒരു പൊൻതൂവൽകൂടി; വെയിൽസിലെ മുൻ ആംഗ്ലിക്കൻ ബിഷപ്പും കത്തോലിക്കാ സഭയിലേക്ക്**

വെയിൽസ്: ആംഗ്ലിക്കൻ സഭയിൽ നിന്ന് ഒരു ബിഷപ്പുകൂടി കത്തോലിക്കാ വിശ്വാസത്തിലേക്ക് തിരിച്ചെത്തുന്നു. 2013 മുതൽ 2019 വരെ വെയിൽസിലെ മോൺമൗത്ത് രൂപതയുടെ ബിഷപ്പായിരുന്ന റിച്ചാർഡ് പെയിനാണ് കത്തോലിക്കാ സഭയിലേക്ക് തിരിച്ചെത്തുന്നത്. ന്യൂപോർട്ടിലെ സെന്റ് ബേസിൽ ആന്റ് സെന്റ് ഗ്ലാഡിസ് കാത്തലിക് ദൈവാലയത്തിൽ വെച്ച് ജൂലൈ രണ്ടിന് കത്തോലിക്കാ വിശ്വാസം സ്വീകരിക്കുന്ന അദ്ദേഹം പിന്നീട് തിരുപ്പട്ടം സ്വീകരിച്ച് കത്തോലിക്കാ സഭയിൽ വൈദിക ശുശ്രൂഷ ആരംഭിക്കും.

ബെനഡിക്ട് പതിനാറാമൻ പാപ്പ രൂപം നൽകിയ പേഴ്സണൽ ഓർഡിനറിയേറ്റ് ഓഫ് ഔർ ലേഡി ഓഫ് വാൽസിംഗ്ഹാം വഴിയാണ് അദ്ദേഹം കത്തോലിക്കാ സഭയുടെ ഭാഗമാകുന്നത്. ആംഗ്ലിക്കൻ സഭയിൽനിന്ന് കത്തോലിക്കാ വിശ്വാസത്തിലേക്ക് തിരിച്ചെത്താൻ ആഗ്രഹിക്കുന്നവർക്കായി രൂപം നൽകിയ രൂപതാ സമാനമായ സംവിധാനമാണ് പേഴ്സണൽ ഓർഡിനറിയേറ്റുകൾ. പ്രസ്തുത ഓർഡിനറിയേറ്റിന്റെ അധ്യക്ഷൻ മോൺ. കീത്ത് ന്യൂട്ടണിൽനിന്നാകും അദ്ദേഹം കത്തോലിക്കാ വിശ്വാസം സ്വീകരിക്കുക.

കത്തോലിക്കാ സഭയും പൗരസ്ത്യ ഓർത്തഡോക്സ് സഭയും കഴിഞ്ഞാൽ ഏറ്റവും അധികം വിശ്വാസികളുള്ള കൂട്ടായ്മയാണ് ആംഗ്ലിക്കൻ സഭ അഥവാ ഇംഗ്ലണ്ടിലെ സഭ. പതിനാറാം നൂറ്റാ

## അഭിനന്ദനങ്ങൾ



വി. ജെ. സുനിൽ

*2024 ഇടവക തിരുനാൾ ആഘോഷകമ്മിറ്റി*
*ജനറൽ കൺവീനറായി തെരഞ്ഞെടുത്ത*
**വി.ജെ. സുനിലിനും**
*ജോ. ജനറൽ കൺവീനറായി തെരഞ്ഞെടുത്ത*
**വി.സി. ജോസിക്കും**
**അഭിനന്ദനങ്ങൾ**



വി. സി. ജോസി

ണ്ടിലാണ് കത്തോലിക്കാ വിശ്വാസത്തിൽ നിന്ന് വേർപിരിഞ്ഞ് ആംഗ്ലിക്കൻ സഭ രൂപീകൃതമായത്. ഹെൻട്രി എട്ടാമൻ രാജാവ് ഭാര്യയായ കാതറിനുമായുള്ള വിവാഹബന്ധം വിച്ഛേദിച്ച് ആൻബോളിനെ വിവാഹം കഴിക്കാൻ കൈകൊണ്ട തീരുമാനത്തെ സഭ അംഗീകരിക്കാത്തതായിരുന്നു കാരണം. ബിഷപ്പുമാർ മാത്രമല്ല, ആംഗ്ലിക്കൻ സഭയിൽ നിന്ന് കത്തോലിക്കാ സഭയിലേക്ക് വിശ്വാസികൾ തിരിച്ചെത്തുന്നത് ഇന്നും തുടരുകയാണ്.

**ലോക യുവജനസംഗമത്തിന് തയ്യാറെടുത്ത് പോർച്ചുഗൽ; മീഡിയാ പാർട്ണറായി 'ശാലോം വേൾഡ്'**

ലിസ്ബൺ : ലോകത്തിലെ ഏറ്റവും വലിയ യുവജനകൂട്ടായ്മ എന്ന ഖ്യാതിനേടിയ 'ലോക യുവജന സംഗമ'ത്തിന് കത്തോലിക്കാ വിശ്വാസീസമൂഹം ദിനങ്ങൾ എണ്ണി കാത്തിരിക്കവേ ഇതാ ഒരു അഭിമാന വാർത്ത. ഓഗസ്റ്റ് 1 മുതൽ 6 വരെ യൂറോപ്യൻ രാജ്യമായ പോർച്ചുഗൽ ആതിഥേയത്വം വഹിക്കുന്ന 17-ാമത് 'ലോക യുവജന സംഗമ'ത്തിന്റെ മീഡിയ പാർട്ണറാകാൻ 'ശാലോം വേൾഡ്'. യുവജന സംഗമത്തിന് ചുക്കാൻ പിടിക്കുന്ന അൽമായരുടെ അജപാലന ശുശ്രൂഷയ്ക്കുള്ള പൊന്തിഫിക്കൽ കൗൺസിലും പോർച്ചുഗൽ മെത്രാൻ സമിതിയും ഉൾപ്പെടുന്ന സംഘാടക സമിതിയുമായി ഇക്കഴിഞ്ഞ ദിവസമാണ് ഇത് സംബന്ധിച്ച് ധാരണയിലായത്.

ദിവ്യബലിയും ദിവ്യകാരുണ്യ ആരാധനകളും അർപ്പിക്കപ്പെടുന്ന വിശ്വാസ പ്രബോധനങ്ങളും പ്രഭാഷണങ്ങളും സംഗീത-സാംസ്കാരിക പരിപാടികളും അരങ്ങേറുന്ന ലോകയുവജനസംഗമത്തിന്റെ ഏറ്റവും വലിയ സവിശേഷതകളിലൊന്നാണ്, സംഗമവേദിയിൽ ഒരുക്കുന്ന കുമ്പസാരത്തിനുള്ള വിപുലമായ സൗകര്യങ്ങൾ. ആയിരക്കണക്കിന് വൈദീകർ കാർമികത്വം വഹിക്കുന്ന കുമ്പസാരക്കൂടുകളിൽ അനുരജ്ഞന കൂദാശ സ്വീകരിക്കാൻ അണയുന്നത് ലക്ഷങ്ങളാണ്. പതിവുപോലെ ഇത്തവണയും കുമ്പസാരകൂടുകൾ ഒരുക്കുന്നത് ജയിൽപുള്ളികളാണെന്നതും ശ്രദ്ധേയം.

**മോൺ ജോർജ്ജ് പനംതുണ്ടിൽ വത്തിക്കാൻ സ്ഥാനപതി**

തിരുവനന്തപുരം : മോൺ. ജോർജ്ജ് പനംതുണ്ടിലിനെ ആർച്ചുബിഷപ്പ് പദവിയിൽ ഖസാക്കിസ്ഥാനിലെ അപ്പസ്തോലിക് നൂൺഷ്യോയായി (വത്തിക്കാൻ അംബാസിഡർ) ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തിരുവനന്തപുരം മേജർ അതിരൂപതാംഗമാണ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ നിന്ന് വത്തിക്കാൻ അംബാസിഡറായി നിയമിക്കപ്പെടുന്ന പ്രഥമ വൈദികനാണ് നിയുക്ത അപ്പസ്തോലിക് നൂൺഷ്യോ.

# നല്ല സമരിയാക്കാരൻ ഇന്ന് എന്നിലൂടെ ജീവിക്കാൻ...



**സിസ്റ്റർ ജെസ്റ്റിന CMC**

വി. ലൂക്കാ 10-ാം അദ്ധ്യായം 25 മുതൽ 37 വരെ നാം വായിക്കുന്ന ഹൃദയസ്പർശിയായ ഒരു ഉപമയാണ് നല്ല സമരിയാക്കാരന്റേത്. തന്റെ വംശവുമായി അത്രമാത്രം ശത്രുതയിലായിരുന്ന ഒരു വ്യക്തിയെ എത്രമാത്രം കരുതലോടും സ്നേഹത്തോടും കൂടെ സമരിയാക്കാരൻ ശുശ്രൂഷിച്ചു എന്ന് നാം ഈ ഉപമയിലൂടെ മനസ്സിലാക്കുന്നു.

യാത്രാമധ്യേയാണ് നല്ല സമരിയക്കാരൻ അർദ്ധപ്രാണനായ കിടന്നിരുന്ന യഹൂദനായ ആ വ്യക്തിയെ കണ്ടുമുട്ടുന്നത്. ഏറെ തിരക്കിലൂടെ കടന്നുപോകുന്ന ആ സമരിയാക്കാരന് അർദ്ധ പ്രാണമനായി കിടക്കുന്ന ആ വ്യക്തിയെ ശുശ്രൂഷിക്കാതെ കടന്നുപോകുവാൻ ഒരുപാട് ന്യായങ്ങൾ ഉണ്ടായിരുന്നു. ഒന്നാമതായി ഏറെ ശത്രുതയിൽ കഴിഞ്ഞവരായിരുന്നു യഹൂദജനവും സമരിയജനവും. അതുകൊണ്ടുതന്നെ താൻ യഹൂദനായ ആ വ്യക്തിയെ ശുശ്രൂഷിക്കുകയാണെങ്കിൽ യഹൂദരുടേയും മുൻപിൽ താൻ ഒരു പരിഹാസപാത്രമാകുമെന്നും, സ്വന്തം ജനം തന്നെ തള്ളിക്കളയാൻ കാരണമാകും എന്നും ചിന്തിച്ച് നന്മ ചെയ്യുന്നതിൽ നിന്ന് അദ്ദേഹത്തിന് ഒഴിഞ്ഞുമാറാമായിരുന്നു എന്നാൽ അതൊന്നും ചിന്തിക്കാതെ തന്റെ മുൻപിൽ കിടക്കുന്ന തന്റെ ശത്രുവിനെ സ്നേഹിതനായി കാണുവാൻ അദ്ദേഹത്തിന് കഴിഞ്ഞതുകൊണ്ടാണ്, കഴുതപ്പുറത്തുനിന്ന് ഇറങ്ങി ആ യഹൂദൻ കിടന്ന സ്ഥലത്തേക്ക് നടന്നു നീങ്ങാൻ അദ്ദേഹത്തിന് കഴിഞ്ഞത്. ഈ ഒരു പാട് സ്നേഹക്രിയയിലൂടെ നല്ല സമരിയാക്കാരൻ നമ്മോട് ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ട്.

1) തന്റെ മഹിമയും പ്രശസ്തിയും നോക്കി ജീവിക്കാൻ ശ്രമിക്കുകയാണെങ്കിൽ ഒരിക്കലും മറ്റുള്ളവർക്ക് നന്മ ചെയ്യാൻ നമുക്ക് സാധിക്കുകയില്ല.

2) തന്റെ മുൻപിലേക്ക് സഹായം ആവശ്യപ്പെട്ട് കടന്നുവരുന്ന വ്യക്തി ആര് തന്നെയായാലും അവനെ തന്റെ സഹോദരനെപോലെ സ്നേഹിക്കണമെങ്കിൽ യേശുവിനെപോലെ വിശാലമായ ഒരു ഹൃദയം നമുക്ക് ആവശ്യമാണ്.

3) സ്വന്തമായ എല്ലാ കാര്യങ്ങളും ചെയ്ത് തീർന്നതിനുശേഷം മറ്റുള്ളവരെ സഹായിക്കാം എന്ന് കരുതിയാൽ നമുക്ക് സമയം ഉണ്ടാവു

കയില്ല. അതിനാൽ നമുക്ക് ലഭിക്കുന്ന അവസരങ്ങൾ ഉപയോഗിക്കാം.

4) ഒരു നന്മ ചെയ്യാൻ പുറപ്പെടുമ്പോൾ മറ്റുള്ളവർ എന്നെക്കുറിച്ച് എന്ത് ചിന്തിക്കും എന്നതിലുപരി ദൈവം എന്നെക്കുറിച്ച് എന്ത് ചിന്തിക്കും എന്ന് കരുതി അത് ചെയ്യാൻ ശ്രമിക്കുക.

5) നല്ല സമരിയാക്കാരൻ നന്മ ചെയ്യാൻ Readiness കാണിച്ചതുപോലെ, നമ്മുടെ ജീവിതത്തിൽ നന്മ ചെയ്യാൻ Readiness കാണിക്കുമ്പോൾ നന്മ ചെയ്യാൻ അവസരങ്ങൾ ദൈവം നമുക്ക് തരും. അവയോട് പൂർണ്ണമായി സഹകരിക്കുക.

അപകടം പതിയിരിക്കുന്ന വിജനമായ ഒരു സ്ഥലത്ത് അർദ്ധപ്രാണനായി കിടക്കുന്ന ഒരു വ്യക്തിയെ ശുശ്രൂഷിക്കാൻ സമരിയക്കാരൻ കാണിച്ച ധൈര്യം അത് അവന്റെ ഹൃദയത്തിന്റെ കാരുണ്യത്തിൽ നിന്ന് ഒഴുകിയിറങ്ങിയതാണ്. അതെ നന്മ ചെയ്യാൻ ധൈര്യം നമുക്ക് ആവശ്യമാണ്. അത് ദൈവത്തിന്റെ ദാനമാണ്. നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. ദൈവമേ നന്മയായിട്ടുള്ളത് കാണാനും, മറ്റുള്ളവർക്ക് നന്മ ചെയ്യാനും ഞങ്ങളെ പ്രാപ്തരാക്കണമേയെന്ന്.

ഇന്ന് നല്ല സമരിയക്കാരൻ ജീവിക്കേണ്ടത് നമ്മിലൂടെയാണ്. ജറുസലേമിൽ നിന്ന് ജറീക്കോയിലേക്കുള്ള യാത്രയിൽ മൃതപ്രാണനായി കിടന്ന യഹൂദനെപ്പോലെ നമ്മുടെ അനുദിന ജീവിതത്തിൽ, നാം വ്യാപരിക്കുന്ന ഇടങ്ങളിൽ അകലങ്ങളിലും, അടുത്തുമായി; അല്ല ഒരുപക്ഷേ സ്വന്തം ഭവനത്തിൽപോലും മുറിവേറ്റുകിടക്കുന്നവരുണ്ടാകാം. ഒരു ചെറുപുഞ്ചിരിയുടെ സൗമ്യമായ വാക്കിന്റെ എണ്ണയും വീഞ്ഞുമൊഴിച്ച് മുറിവേറ്റവരെ വച്ചുകെട്ടി സൗഖ്യം പകരാൻ ഭവനത്തിൽ നിന്ന് നമുക്കാരംഭിക്കാം. അങ്ങനെ ഭവനത്തിൽ നിന്നാരംഭിക്കുന്ന സൗഖ്യശുശ്രൂഷ സമൂഹത്തിലേക്കും രാജ്യത്തേക്കും നമുക്ക് പകരാം.

സി.എൽ.സി.യിലെ അർത്ഥസമ്പുഷ്ടമായ പ്രാർത്ഥന നമ്മുടെ കാതുകളിൽ ഒരിക്കൽകൂടി മുഴങ്ങട്ടെ.

* നൻമചെയ്യാൻ എന്റേതല്ലാതെ ക്രിസ്തുവിന് വേറെ കരങ്ങളില്ല.
* സ്നേഹിക്കാൻ എന്റേതല്ലാതെ ക്രിസ്തുവിന് വേറെ ഹൃദയമില്ല.
* നല്ലതുപറയാൻ എന്റേതല്ലാതെ ക്രിസ്തുവിന് വേറെ അധരമില്ല.

എല്ലാ നന്മകളും എന്നിലൂടെ, നമ്മിലൂടെ സാധ്യമാകാൻ നമുക്ക് പരിശ്രമിക്കാം. അങ്ങനെ നൻമയുടെ പുത്തൻലോകം നമുക്ക് സൃഷ്ടിക്കാം. സ്വാർത്ഥതയില്ലാത്ത... സഹോദരസ്നേഹം നിറഞ്ഞുനിൽക്കുന്ന ഇടങ്ങളായി നമ്മുടെ ഭവനങ്ങളും സമൂഹവും രാജ്യവും മാറട്ടെ.

For Holy Remembrance

**8th Death Anniversary**

31-07-2023



## P.P. Antony

Pallipurath House

Kunnamkulam

(St. George Unit)

By

***Sorrwing Family***

---

പാവനസ്മരണയ്ക്ക്





**14-ാം ചരമവാർഷികം**

**17-07-2023**

**മഠത്തിപറമ്പിൽ ലോനപ്പൻ**

## അന്നാമ

സ്നേഹസ്മരണകളോടെ

മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

# ആശംസകൾ



എല്ലാ ദിവസവും രാവിലെ പത്രം വായിക്കുന്ന ശീലമുണ്ടെങ്കിലും മാസത്തിന്റെ തുടക്ക ഞായറാഴ്ച ഞാൻ ആദ്യം വായിക്കുക നമ്മുടെ ഇടവക പള്ളിയിൽ നിന്ന് ഇറങ്ങുന്ന ടച്ച് - മീ പാരിഷ് ബുള്ളറ്റിനാണ്. അതിനുകാരണം നമ്മുടെ ഇടവകയുടെ വാർത്തകളും ഇടവകക്കാരുടെ വിശേഷ/ഓർമ്മ ദിനങ്ങളും നല്ല കാഴ്ചഭംഗിയോടെ ഇടവകക്കാരിലേക്ക് എത്തിക്കുവാൻ നമ്മുടെ ടച്ച് - മീ എഡിറ്റോറിയൽ ടീമിന് നല്ല രീതിയിൽ കഴിയുന്നു എന്നതിനാലാണ്. അതിന് തക്ക അഭിനന്ദനങ്ങളും പലവിധ സമ്മാനങ്ങളും അതിരൂപതയിൽ നിന്നും പല പ്രാവശ്യം ലഭിച്ചതിൽ ഞാൻ അഭിമാനിക്കുകയും ഈ ടച്ച് - മീയിൽ പ്രവർത്തിക്കുന്ന എല്ലാവരേയും സ്നേഹപൂർവ്വം ഓർക്കുകയും ചെയ്യുന്നു. നിലവിലുള്ള എഡിറ്റോറിയൽ ടീം ഈ മാസത്തിൽ പുറത്തിറക്കുന്ന ഈ 100 - ാമത് സ്പെഷ്യൽ ടച്ച് - മീയിൽ നിന്ന്, ഇനിയും എണ്ണ സംഖ്യകൾ കൂടുകയും ഇനിയും പുത്തൻ രീതിയിലും നല്ല വൈവിധ്യമാർന്ന വർണ്ണഭംഗികളോടെ ടച്ച് - മീ ബുള്ളറ്റിൻ ഇറങ്ങുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും, ഇതിൽ പ്രവർത്തിക്കുന്ന ഓരോരുത്തരുടേയും കഷ്ടപ്പെട്ട സേവനങ്ങൾ മനസ്സിലാക്കികൊണ്ട് മുൻകൈക്കാരൻ എന്ന നിലയിൽ എന്റെ ഒരായിരം അഭിനന്ദനങ്ങളും ആശംസകളും പങ്കുവെയ്ക്കുന്നു.

സ്നേഹപൂർവ്വം : **കെ. ജി. ബാബു**
മുൻ ഇടവക കൈക്കാരൻ



വാക്കുകൾക്ക് അതീതമാണ് ടച്ച് - മീയുടെ വളർച്ചയും പ്രവർത്തനങ്ങളും. നമ്മുടെ ഈ ചെറിയ ഇടവകയിലെ വലിയ പരിമിതികൾക്കുള്ളിൽ നിന്ന് മറ്റു പാരിഷ് ബുള്ളറ്റിനുകളേക്കാൾ സമ്പുഷ്ടമായ ഉള്ളടക്കങ്ങളും മികവാർന്ന കവർ ഡിസൈനുകളുമായി നമ്മുടെ കൈകളിലേക്ക് എത്തിക്കുന്ന ഇതിന്റെ അണിയറപ്രവർത്തകരെ എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല. നിലവിലുള്ള എഡിറ്റോറിയൽ ബോർഡ് പുറത്തിറക്കുന്ന ഈ 100 - ാമത്തെ സ്പെഷ്യൽ എഡിഷന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.


**ജോസ് കെ. ജോണി**
**മുൻ ഇടവക കൈക്കാരൻ**



നമ്മുടെ കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയുടെ പേര്, തൃശൂർ അതിരൂപത തലത്തിൽ ശ്രദ്ധിക്കപ്പെടുന്നതിൽ ടച്ച് - മീ പാരിഷ് ബുള്ളറ്റിൻ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ടച്ച് - മീ പാരിഷ് ബുള്ളറ്റിന് നേതൃത്വം കൊടുക്കുന്നവർ പ്രസിദ്ധീകരിക്കുന്ന നൂറാം സ്പെഷ്യൽ ടച്ച് - മീ പതിപ്പിനും, എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും എല്ലാവിധ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു.

**ജോപോൾ ആലപ്പാട്ട്**
**മുൻ ഇടവക കൈക്കാരൻ**

# മാറിലെ വേദനയും (മാസ്റ്റാൾജിയ) സ്തനാർബുദവും



**ഡോ. പോൾ സി. റാഫേൽ**

മുപ്പതു മുതൽ അൻപതു വയസ്സുള്ള സ്ത്രീകളിൽ ഏകദേശം 60-70% പേരിൽ ജീവിതത്തിൽ എപ്പോഴെങ്കിലും അനുഭവപ്പെടുന്നതാണ് മാറിലെ വേദന. മിക്ക സ്ത്രീകളിലും ഈ വേദന ലഘുവായോ, കൂടുതലായോ ഉണ്ടായാൽ പോലും മാസമുറയുമായി ബന്ധപ്പെടുത്തി സഹിക്കുകയാണ് പതിവ്. വേദന തോന്നുന്നത് ഒരു മാറിലോ, രണ്ടു മാറിലോ അല്ലെങ്കിൽ ഒരു മാറിന്റെ ഒരു ഭാഗത്തു മാത്രമോ ആയിരിക്കും.

**മാറിലെ വേദനയെ ആറ് വിഭാഗമായി തരം തിരിക്കാം**

1. ആർത്തവവുമായി ബന്ധമുള്ളവ
2. ആർത്തവവുമായി ബന്ധമില്ലാത്തത്
3. നെഞ്ചിന്റെ  കൂടിൽ (ചെസ്റ്റ് വാൾ) നിന്നുള്ളത്.
4. നെഞ്ചിന്റെ കൂടുമായി ബന്ധമില്ലാത്തവ
5. സ്തനാർബുദവുമായുള്ള ബന്ധം
6. മാനസിക സാമൂഹിക കാരണങ്ങൾ

സ്തനാർബുദവുമായുള്ള ബന്ധത്തെപ്പറ്റി മാത്രമേ ഇവിടെ പ്രതിപാദിക്കുന്നുള്ളൂ. സ്തനാർബുദം കാരണം മാറിൽ വേദന വരുന്നത് അപൂർവ്വമാണ്. 2-5% പേരിൽ മാത്രമെ വേദന ഒരു അവതരണ ലക്ഷണമായി കാണാറുള്ളൂ. വേദന വരുകയാണങ്കിൽ അത് ഒരു ഭാഗത്ത് മാത്രമായോ ആർത്തവ ചക്രവുമായി ബന്ധമില്ലാത്ത രീതിയിലോ ആയിരിക്കും. എക്സ്റേ പരിശോധനയ്ക്ക് വിധേയമാക്കാൻ മാറിലെ വേദന മാത്രം ഒരു കാരണമായി കാണണമെന്നില്ല.

പല രാജ്യങ്ങളിൽ ഈ വിഷയത്തിൽ വിശദമായ പഠനങ്ങൾ നടന്നിട്ടുണ്ട്. സ്ത്രീ ഹോർമോൺ ഈസ്ട്രജൻ അളവ് കൂടുകയും, പ്രൊജസ്റ്ററോൺ അളവ് കുറയുകയും ഇവ തമ്മിലുള്ള അനുപാതം മാറുക എന്നിവയെല്ലാം മാറിലെ വേദന ഒരു പരിധിവരെ ബന്ധപ്പെടുത്തിയിട്ടുണ്ട്.

* സ്തനങ്ങൾക്ക് ഉള്ള ഈസ്റ്ററോജൻ ബന്ധം, മറ്റു കാരണങ്ങളുമായി ചേർത്ത് നോക്കിയപ്പോൾ സ്തനാർബുദം ഈ വിഭാഗത്തിൽ അല്പം കൂടുതലായി കാണുന്നുണ്ട്.
* മറ്റൊരു നിരീക്ഷണം മാറിലെ മറ്റ് വ്യതിയാനങ്ങളുടെ

(കാൻസർ അല്ലാത്തവ) പ്രസക്തിആണ്. നീണ്ട കാലത്തെ ഗർഭനിരോധന ഗുളികകളുടെ ഉപയോഗം.

ഫൈബ്രോസിസ്റ്റിക് (Fibrocystic) അസുഖം വന്നവർക്കും നേരിയ തോതിൽ സ്തനാർബുദ ഭീഷണിയിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്.

* നെഞ്ചിന്റെ ഭിത്തി (ചെസ്റ്റ് വാൾ) അവിടെയുള്ള മസിലുകൾ, അസ്ഥികൾ എന്നിവയിൽ വരുന്ന വ്യതിയാനങ്ങൾ മൂലം ഉണ്ടാകുന്ന വേദന മിക്കവാറും ഒരു ഭാഗത്തു മാത്രമായോ അനുഭവപ്പെടാറുണ്ട്. ഞരമ്പുകളിൽ നിന്നുള്ള വേദന, ഹൃദയസംബന്ധമായത് പിത്തസഞ്ചിയുമായി ബന്ധമുള്ളത് - എന്നിവയും ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്.

**പരിശോധനയും രോഗം വിലയിരുത്തലും**

രോഗലക്ഷണങ്ങൾ വിശദമായി രേഖപ്പെടുത്തേണ്ടതുണ്ട്, സമയം, രീതി എല്ലാം. പരിശോധനയിൽ സ്തനങ്ങളിലെ വ്യതിയാനങ്ങൾ കണ്ടുപിടിക്കാം. ഉദാ: മുഴകൾ, അണുബാധ, വാരിയെല്ല് സംബന്ധമായവ എന്നിവ, മറ്റ് പരിശോധനകൾ, മാമോഗ്രാം, FNAC (സൂചികൊണ്ട് കോശങ്ങൾ വലിച്ചെടുക്കുക) എന്നിവ ആവശ്യമുണ്ടെങ്കിൽ ചെയ്താൽ മതി വേദനയുടെ വ്യാപ്തിയും തീക്ഷ്ണതയും മനസ്സിലാക്കേണ്ടതുണ്ട്.

കാൻസർ ഇല്ലാ എന്ന് മനസ്സിലാക്കി കൊടുക്കുമ്പോൾ 80% പേർക്കും ആശ്വാസം ലഭിക്കും. സ്തനാർബുദം ഉണ്ടെന്ന് സ്ഥിരീകരിച്ചാൽ വ്യക്തമായ മാർഗ്ഗനിർദ്ദേശമുള്ളതിനാൽ അതനുസരിച്ചുള്ള ചികിത്സ നടത്തേണ്ടതുണ്ട്.



## സ്വാഗതം

**വിശ്വാസപരിശീലന അദ്ധ്യാപകനായി
സേവനം ചെയ്യുന്നതിന്
കുന്നംകുളം
സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലേക്ക്
കടന്നുവന്ന
ബ്രദർ ആകാശ് വെട്ടിക്കാട് -ന്**
(OFM Cap.)

**ഹൃദ്യമായ സ്വാഗതം**

# പൊതുയോഗ വാർത്തകൾ

1. 2023 ജൂൺ 18 ഞായറാഴ്ച രാവിലെ 10 മണിക്ക് പാരിഷ്ഹാളിൽ ഇടവക വികാരി റവ. ഫാ. ദാവീദ് വിതയത്തിലിന്റെ അദ്ധ്യക്ഷതയിൽ പൊതുയോഗം നടത്തി.
2. കഴിഞ്ഞ ഒരു വർഷത്തെ വാർഷിക കണക്കിന്റെ രൂപരേഖ അക്കൗണ്ടന്റ് എം.ആർ. ആന്റോ അവതരിപ്പിച്ചു.
3. കൈക്കാരന്മാരുടെ പാനലിലേക്ക് താഴെപറയുന്നവരെ പൊതുയോഗം അംഗീകരിച്ചു.
   1) ചിറമ്മൽ ജോണി ബെപ്പോ പോയിസ് ജേബി
   2) കൂത്തൂർ ലൂയീസ് ലോയ്ഡ്
   3) ആലപ്പാട്ട് വിജിലിയൂസ് ജോപോൾ
   4) ആലപ്പാട്ട് ആന്റണി വർഗ്ഗീസ്
   5) മഠത്തിപ്പറമ്പിൽ ലോനപ്പൻ മാണി
   6) കല്ലച്ചൻമുറി പൈലി സെബാസ്റ്റ്യൻ.
4. 2024 ജനുവരി തിരുനാളിന്റെ ആഘോഷ കമ്മിറ്റിയിലേക്ക് താഴെ പറയുന്നവരെ തെരഞ്ഞെടുത്തു.

| | |
|---|---|
| ജന. കൺവീനർ | : വി.ജെ. സുനിൽ |
| ജോ. ജന. കൺവീനർ | : വി.സി. ജോസി |
| ഫിനാൻസ് | : ജിജോ കെ. ജോർജ്ജ് |
| പബ്ലിസിറ്റി | : എൻ.ജെ. ജെയ്മോൻ |
| പ്രോഗ്രാം | : കെ.ജി. ബാബു |
| പ്രസുദേന്തി | : ഷോബി റൊണാൾഡ് |
| ഇലുമിനേഷൻ | : ജോൺസൺ പാവു |
| വളണ്ടിയർ | : പി.ജെ. ടോണി |
| റിഫ്രഷ്മെന്റ് | : എം.കെ. ദേവസ്സി |
| നേർച്ച | : കെ.ജെ. ജെയ്സൺ |
| വർണ്ണമഴ | : ലിയോൺ ജോർജ്ജ് |
| അലങ്കാരം | : ജാൻസി ആന്റോ |
| ലിറ്റർജി | : സിസ്റ്റർ ആൻജോസ് സി.എം.സി. |

## ഇടവകയിലേയ്ക്ക് സ്വാഗതം

**നടത്തറ ഇടവകയിൽ നിന്നും നമ്മുടെ ഇടവകയിൽ ചേർന്ന് സെന്റ് ജോർജ്ജ് കുടുംബ കൂട്ടായ്മയിൽ അംഗമായ**

**പുല്ലേലി ജോസ് ജോയിക്കും കുടുംബത്തിനും**

ഇടവകയിലേക്ക് സ്വാഗതം

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 02-07-2023 | 3.00 pm | സെന്റ് ജോസഫ് | പുത്തനങ്ങാടി ഡോ. ചെറിയാൻ ജോസഫ് (ഗുരുവായൂർ റോഡ്) |
| 02-07-2023 | 4.30 pm | മേരിമാതാ | വെള്ളറ ലോനപ്പൻ അഡ്വ. വി.എൽ. സെബി (ഗാന്ധിജി നഗർ, 1th അവന്യു, തൃശൂർ റോഡ്) |
| 09-07-2023 | 3.00 pm | സെന്റ് ആന്റണീസ് | ചുങ്കത്ത് ഔസേപ്പ് ബാബു (കക്കാട്) |
| 16-07-2023 | 3.00 pm | സെന്റ് ജോർജ്ജ് | ചീരൻ ദേവസ്സി ജോണി (ശാന്തി നഗർ, അടുപ്പുട്ടി സ്കൂളിന് സമീപം) |
| 16-07-2023 | 4.30 pm | സെന്റ് സേവ്യർ | വലിയവീട്ടിൽ തോമ സണ്ണി (ചൈതന്യ സ്കൂളിന് സമീപം, കുറുക്കൻപാറ) |
| 30-07-2023 | 6.30 pm | സെന്റ് തോമസ് | കുടുംബകൂട്ടായ്മാ വാർഷികം (പാരിഷ് ഹാൾ) |

## ഇടവക പ്രതിനിധി യോഗം

**2023 ജൂലൈ 16 ഞായർ രാവിലെ 7.30ന്**

## പ്രതിനിധിയോഗ വാർത്തകൾ

1. മെയ് മാസത്തെ റിപ്പോർട്ടും വരവ് ചെലവ് കണക്കും വായിച്ച് പാസ്സാക്കി.
2. കക്കാട് സെന്റ് ആന്റണീസ് കപ്പേള തിരുനാളിന്റെ വരവ് ചെലവ് കണക്കുകൾ കൺവീനർ വർഗ്ഗീസ് ആന്റണി അവതരിപ്പിച്ചു. മികച്ച പ്രവർത്തനം കാഴ്ച വെച്ച കൺവീനറെ യോഗം അഭിനന്ദിച്ചു.
3. അടുത്ത വർഷത്തേക്കുള്ള കൈക്കാരന്മാരുടെ പാനലിലേക്ക് പൊതുയോഗ ത്തിൽനിന്നും തെരഞ്ഞെടുത്ത 6 പേരുടെ പാനൽ പ്രതിനിധിയോഗം അംഗീകരിച്ചു.
4. പള്ളിയിൽ സോളാർപാനൽ സ്ഥാപിക്കുന്നതിനെക്കുറിച്ച് യോഗം വിശദമായി ചർച്ച ചെയ്തു. അതിനെക്കുറിച്ച് കൂടുതൽ അറിയുവാൻ ജോൺസൺ പാവു വിനെ ചുമതലപ്പെടുത്തി.
5. ദീർഘദൂര കാഴ്ചപ്പാടോടെ കൺസ്ട്രക്ഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്ന് യോഗം വിലയിരുത്തി.


## ഓർമ്മിക്കേണ്ട ദിനങ്ങൾ

**ജൂലൈ**

| | | |
|---|---|---|
| 1 | ശനി | സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന 6.30 PM<br>ശ്ലീഹ അഞ്ചാം ശനി |
| 2 | ഞായർ | ശ്ലീഹ ആറാം ഞായർ |
| 3 | തിങ്കൾ | ശ്ലീഹ ആറാം തിങ്കൾ<br>മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ |
| 4 | ചൊവ്വ | കക്കാട് സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന 6.30 PM |
| 7 | വെള്ളി | ശ്ലീഹ ആറാം വെള്ളി<br>ആദ്യവെള്ളി |
| 9 | ഞായർ | ശ്ലീഹ ഏഴാം ഞായർ |
| 14 | വെള്ളി | ശ്ലീഹ ഏഴാം വെള്ളി, കർത്താവിന്റെ 70 ശിഷ്യന്മാർ |
| 15 | ശനി | ശ്ലീഹ ഏഴാം ശനി<br>വി. കുര്യാക്കോസും, വി. ജൂലിറ്റായും |
| 16 | ഞായർ | കൈത്ത ഒന്നാം ഞായർ<br>പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾ (നൂസർദേൽ) |
| 21 | വെള്ളി | കൈത്താ ഒന്നാം വെള്ളി<br>സിസിബിസിലെ വി. യാക്കോബ് |
| 23 | ഞായർ | കൈത്ത രണ്ടാം ഞായർ<br>മുത്തശ്ശി- മുത്തച്ഛന്മാരുടേയും വയോധികന്മാരുടേയും ദിനം |
| 25 | ചൊവ്വ | കൈത്ത രണ്ടാം ചൊവ്വ, യാക്കോബ് ശ്ലീഹ |
| 26 | ബുധൻ | കൈത്ത രണ്ടാം ബുധൻ<br>വി. യോവാക്കീമും, വി. അന്നായും |
| 28 | വെള്ളി | കൈത്ത രണ്ടാം വെള്ളി<br>മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി<br>വി. അൽഫോൻസ ക. |
| 29 | ശനി | കൈത്ത രണ്ടാം ശനി, വി. മർത്താ |
| 30 | ഞായർ | കൈത്ത മൂന്നാം ഞായർ |
| 31 | തിങ്കൾ | കൈത്ത മൂന്നാം തിങ്കൾ<br>വി. ഇഗ്നേഷ്യസ് ലയോള |

**ആഗസ്റ്റ്**

| | | |
|---|---|---|
| 1 | ചൊവ്വ | കൈത്ത മൂന്നാം ചൊവ്വ<br>പതിനഞ്ച് നോമ്പാരംഭം<br>വി. അൽഫോൻസ് ലിഗോരി<br>കക്കാട് സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന 6.30 PM |
| 4 | വെള്ളി | കൈത്ത മൂന്നാംവെള്ളി<br>ആദ്യവെള്ളി<br>വി. ജോൺ മരിയ വിയാനി |
| 5 | ശനി | സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന 6.30 PM<br>കൈത്ത നാലാം ഞായർ |
| 6 | ഞായർ | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |



# വെല്ലുവിളികളുടെ യുവത്വം

ആകാശ് ജെ. വെട്ടികാട്

ആഗോളവത്കരണം ലോകത്ത് വേരൂന്നുമ്പോൾ, വികസനവും ആധുനികവത്കരണവും ലോകത്തെ കീഴടക്കുമ്പോൾ, ഒരു സാധാരണ യുവാവ് തന്റെ വിശ്വാസങ്ങളെയും കാഴ്ചപ്പാടുകളെയും ആദർശങ്ങളെയും കൈവിട്ടുപോകാതെ നിലനിർത്താൻ നടത്തുന്ന യുദ്ധങ്ങളാണ് അവന്റെ വെല്ലുവിളികൾ. കുഞ്ഞായിരിക്കുമ്പോൾ ഉള്ളിൽ കൈക്കൊണ്ട നിഷ്കളങ്കതയും, ഈശോ തമ്പുരാന്റെ ത്യാഗത്തിന്റെ ബാലപാഠങ്ങളും, നിസ്വാർത്ഥതയും സ്നേഹവും എല്ലാം നിലനിർത്താനായി, മാത്സര്യത്തിന്റെ ആധുനിക ലോകത്ത്, അവൻ തന്റെ സ്വത്വം നഷ്ടപ്പെടുത്തേണ്ടിയതായി വരുന്നു. മായകാഴ്ചകളുടെ പുത്തൻ ലോകത്ത് ആഡംബരത്തിന്റേയും ലഹരിയുടേയും വഴി തെറ്റിയ കൂട്ടുകളുടേയും ഇടയിൽ അവന് ഏകനായി നിൽക്കേണ്ടിവരുന്നു. ജീവിതത്തിന്റെ ഓരോ ചുവടും തള്ളിനീക്കുമ്പോൾ വീണ്ടും അരുത് എന്ന് പറയാൻ ശക്തിയില്ലാത്ത ഒരു മനസാക്ഷിയാവും അവന്റെ ഏറ്റവും വലിയ വെല്ലുവിളി.

സ്കൂളുകളിലും കോളേജുകളിലും ജോലി സ്ഥലങ്ങളിലും ലഹരി പൂക്കുന്ന കാലഘട്ടമാണ് ഇത്. ഇത് ഒരു സംഹാരദൂതനെപ്പോലെ യുവജനങ്ങളുടെ മേൽ പടർന്ന്പിടിക്കുമ്പോൾ വളരെ സാധാരണത്വത്തോടും ലാഘവത്തോടും ഫ്രണ്ട്സിനോടൊപ്പവും പാർട്ടിയിലും, പബ്ബിലും ലഹരിവസ്തുക്കൾ ഉപയോഗിക്കുന്ന ചെറുപ്പക്കാർ നാളെയുടെ വെല്ലുവിളികളായി മാറുന്നു. സമൂഹത്തിൽ കുറ്റവാസനകളും താളം തെറ്റലുകളും സംഭവിക്കുന്നു. പലപ്പോഴും സ്വയംലാഭം ചിന്തിച്ചും, ജീവിതത്തിന് മോഡികൂട്ടാൻ ഉന്നതസൗകര്യങ്ങളും, മക്കൾക്ക് ഉയർന്ന വിദ്യാഭ്യാസവും ഒരുക്കി മുന്നോട്ട്

## ലദ്ദീഞ്ഞ്, നൊവേന

| | |
|---|---|
| 01-07-2023 ശനി<br>05-08-2023 ശനി | 6.30 pm സെന്റ് മേരീസ് കപ്പേള |
| 04-07-2023 ചൊവ്വ<br>01-08-2023 ചൊവ്വ | 6.30 pm സെന്റ് ആന്റണീസ് കപ്പേള |

നീങ്ങിയപ്പോൾ, ചിലപ്പോൾ നാടിനോടും സമൂഹത്തോടും സഭയോടുമുള്ള പ്രതിബദ്ധത മറന്നുനടക്കാൻ മക്കളെ പഠിപ്പിച്ചപ്പോൾ ഒരു പക്ഷേ മാതൃകയായപ്പോൾ, ഇതുപോലൊരു കെണിയുണ്ടാവുമെന്ന് നാം ചിന്തിച്ചിട്ടുണ്ടാവില്ല.

സാമൂഹിക അവബോധവും ഉണർവ്വും ഉന്മേഷവുമുള്ള നമ്മുടെ ചെറുപ്പക്കാർ സ്വയനന്മക്കും ഒപ്പം സാമൂഹിക നന്മയ്ക്കും ഉത്തമ മാതൃകകളാകും. അവൻ വീണുപോവുകയില്ല, അവന്റെ ഉള്ളിലെ തീക്കനൽ സദാ കത്തിക്കൊണ്ടിരിക്കും. ഈ സത്യത്തിന് പലരും, വിലകൊടുക്കേണ്ടിയതായി വരുന്നു. കാരണം ഇത് അവർ മറന്നുപോകുന്നു.

സിഗററ്റും മദ്യവും ലഹരിമരുന്നുകളും ആധിപത്യം സ്ഥാപിക്കുന്ന രീതികൾ നമ്മുടെ യുവതലമുറയുടെ വളർച്ചയെ, സ്വപ്നങ്ങളെ അവരുടെ കുടുംബങ്ങളുടെ, പ്രതീക്ഷകളെ എല്ലാം മണ്ണിനടിയിൽ മൂടുകയാണ്. പ്രതീക്ഷയറ്റ അവന്റെ ജീവിതത്തിന് മുമ്പിൽ മരണത്തിന്റെ കവാടം തുറക്കപ്പെടുന്നു.

ഇന്നത്തെ കുടുംബ പ്രശ്നങ്ങളുടേയും, സാമൂഹിക പ്രശ്നങ്ങളുടേയും, ആത്മഹത്യകളുടേയും എല്ലാം പിന്നിൽ മറഞ്ഞിരിക്കുന്ന ലഹരിക്ക് ഒരു കൈയുണ്ട്. പ്രതീക്ഷയോടെ ലോണെടുത്താലും പഠിപ്പിക്കാൻ അയച്ച മക്കൾ ലഹരിയുടെ മുന്നിൽ അടിയറവു പറയുമ്പോൾ, കണ്ണീരോടെ നിൽക്കുന്ന നിസ്സഹായരായ മാതാപിതാക്കൾ ഇന്നിന്റെ നേർക്കാഴ്ചയാണ്.

നന്മയുടേയും സന്മാർഗ്ഗത്തിന്റേയും കാലം ഇനിയും പോയിമറഞ്ഞിട്ടില്ല. ഞാൻ എന്ന വ്യക്തിയുടെ ചുവടുകൾ, ഈ നന്മയിലേക്കും വിശുദ്ധിയിലേക്കും ധാർമ്മിക മൂല്യങ്ങളിലേക്കും ആയിരിക്കട്ടെ. എന്നും വെല്ലുവിളികളാണ്, നമ്മുടെ ജീവിതത്തിൽ ഒരു മാറ്റു കൂട്ടിയിട്ടുള്ളത്. അത് സ്വീകരിക്കുവാൻ ധൈര്യം ഉൾക്കൊള്ളുന്നവരാകാം. നാളെയുടെ ഭാവിതലമുറ സുരക്ഷിതരായിത്തീരട്ടെ. അരുത് എന്ന് പറയേണ്ടിടത്ത് അരുത് എന്ന്തന്നെ പറയാം. നമുക്കൊരുമിച്ച് പ്രാർത്ഥിക്കാം. അതിനായി പ്രയത്നിക്കാം. ആമേൻ

## യാത്രാമംഗളങ്ങൾ

കോട്ടപ്പടി സെന്റ് ലാസേഴ്സ് ഇടവകയിലേക്ക് സ്ഥലംമാറിപ്പോയ,
സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മയിൽ അംഗമായിരുന്ന
ചുങ്കത്ത് പൗലോസ് സൈമണും കുടുംബത്തിനും

**ഇടവകയുടെ യാത്രാമംഗളങ്ങൾ**


# സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മാ വാർഷികം




കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവക, സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മാ വാർഷികം 2023 ജൂൺ 18 ഞായറാഴ്ച വൈകീട്ട് 6.30ന് പള്ളി പാരിഷ്ഹാളിൽ സമുചിതമായി ആഘോഷിച്ചു. കുടുംബകൂട്ടായ്മ പ്രസിഡന്റ് വി.എ. ജോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ഇടവക വികാരി റവ. ഫാദർ ദാവീദ് വിതയത്തിൽ ഉദ്ഘാടനം ചെയ്തു.

ട്രഷറർ പി.എ. ലില്ലി സ്വാഗതം പറഞ്ഞ യോഗത്തിൽ സെക്രട്ടറി ഷോബി റൊണാൾഡ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. സിസ്റ്റർ സുപ്പീരിയർ സിസ്റ്റർ ആൻജോസ് CMC, കൈക്കാരൻ എൻ.ജെ. ജെയ്മോൻ, കുടുംബകൂട്ടായ്മ കേന്ദ്രസമിതി പ്രസിഡന്റ് ലിയോൺ ജോർജ്ജ്, ഭക്തസംഘടന ഏകോപന സമിതി സെക്രട്ടറി സി.ഒ. ആന്റണി, ഇടവക പി.ആർ.ഒ.യും ടച്ച്മീ പാരിഷ് ബുള്ളറ്റിൻ സെക്രട്ടറിയും കൂടിയായ വി.സി. ജോസി, സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് സി.എം. സാംസൺ, സെന്റ് സേവ്യർ കുടുംബകൂട്ടായ്മ പ്രസിഡണ്ട് എം.എൽ. സുനിൽ, മേരിമാത കുടുംബകൂട്ടായ്മ പ്രസിഡണ്ട് വി.ജെ. സുനിൽ, സെന്റ് തോമസ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് പോയിസ് ജേബി, സെന്റ് ജോസഫ് കുടുംബകൂട്ടായ്മ പ്രസിഡണ്ട് എം.ആർ. ആന്റോ, എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. കുട്ടികളുടേയും മുതിർന്നവരുടേയും വൈവിധ്യങ്ങളായ കലാപരിപാടികളും അരങ്ങേറി. വിവാഹത്തിന്റെ 25-ാം വാർഷികം ആഘോഷിച്ച ദമ്പതികളെ ആദരിച്ചു.

കുടുംബകൂട്ടായ്മ അംഗങ്ങളുടെ സജീവ സാന്നിദ്ധ്യം വാർഷികത്തിന് മാറ്റ് കൂട്ടി. സമ്മാനദാനത്തിന് ശേഷം ജോ. സെക്രട്ടറി നിഷ ഷാജി നന്ദി പറഞ്ഞ യോഗം, സ്നേഹവിരുന്നോടെ സമാപിച്ചു.



ANNIVERSARY
35th
YEARS
03-07-2023
C.D Antony & Lilly Antony
Chungath House, Kakkad, Kunnamkulam
Best Compliments From : Daniel Joseph, Anju & Aneesh

11th
HAPPY BIRTHDAY!
08-07-2023
ABIN C.S.
S/o. Sibi C. Varghese & Simi Sibi
Chungath House
Chiralayam
Kunnamkulam
Best Compliments From
Appappa, Ammamma, Appa, Amma, Abina

# ആശംസകൾ



2015 ൽ ചുമതലയേറ്റ ടച്ച്-മീ എഡിറ്റോറിയൽ ബോർഡിന്, നമ്മുടെ ഇടവകയിലെ ഈ പാരിഷ് ബുള്ളറ്റിനെ മികച്ച നിലവാരത്തിലേക്ക് ഉയർത്താൻ കഴിഞ്ഞു. അതിന്റെ തെളിവാണ്, കഴിഞ്ഞ വർഷങ്ങളിൽ തൃശൂർ അതിരൂപത തലത്തിൽ ടച്ച്-മീ നേടിയ പുരസ്കാരങ്ങൾ. ആയിരത്തിലധികം ഭവനങ്ങളുള്ള വലിയ ഇടവക പള്ളികളിലെ പാരീഷ് ബുള്ളറ്റിനുകളുമായും കൂടി മത്സരിച്ചാണ്, ഏകദേശം 210 ഭവനങ്ങൾ മാത്രമുള്ള നമ്മുടെ കൊച്ചു ഇടവക ഇത്രയും നേടങ്ങൾ സ്വന്തമാക്കിയത് എന്നുള്ളത് നമുക്ക് ഏവർക്കും വലിയ സന്തോഷം നൽകുന്നതാണ്. ഇത്രയും വലിയ നേട്ടങ്ങൾ കരസ്ഥമാക്കാൻ പ്രയത്നിച്ച ടച്ച്-മീ എഡിറ്റോറിയൽ ബോർഡിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു. നിലവിലുള്ള എഡിറ്റോറിയൽ ബോർഡ് ജൂലായ് മാസത്തിൽ പുറത്തിറക്കുന്ന ടച്ച്-മീയുടെ സ്പെഷ്യൽ പതിപ്പിന് ആശംസകൾ നേരുന്നതിനൊപ്പം, ഇനിയും ടച്ച്-മീക്ക് ഒരുപാട് നേട്ടങ്ങൾ കരസ്ഥമാക്കാൻ കഴിയട്ടെ എന്നും ആശംസിക്കുന്നു.

**വി. ജെ. സുനിൽ**

മുൻ ഇടവക കൈക്കാരൻ



നിലവിലെ ടച്ച്-മീ പാരീഷ് ബുള്ളറ്റിൻ എഡിറ്റോറിയൽ ബോർഡ് 2015ൽ ചുമതലയേൽക്കുമ്പോൾ ഇടവക കൈക്കാരൻ ആയിരുന്നവരിൽ ഒരാളായിരുന്നു ഞാൻ. അതുവരെ പ്രസിദ്ധീകരണം നടത്തിയിരുന്ന കെസിവൈഎം സംഘടന തുടർന്ന് സാധിക്കില്ല എന്ന് പറഞ്ഞ പ്രതിസന്ധിഘട്ടത്തിൽ, ഞങ്ങളുടേയും, അന്നത്തെ വികാരി ആയിരുന്ന ബഹുമാനപ്പെട്ട പോളച്ചന്റേയും പരിപൂർണ്ണ പിന്തുണയോടെ ആരംഭിച്ച്, മികച്ച പ്രവർത്തനം കാഴ്ചവച്ച്, തൃശൂർ അതിരൂപത പാരീഷ് ബുള്ളറ്റിൻ മത്സരങ്ങളിൽ സമ്മാനങ്ങൾ വാരികൂട്ടിയ ടച്ച്-മീക്കും ഈ എഡിറ്റോറിയൽ ബോർഡിനും എന്റെ ഹൃദയംഗമമായ അഭിനന്ദനങ്ങൾ. ഒപ്പം ഇവർ നൂറാം മാസം പുറത്തിറക്കുന്ന ടച്ച്-മീ സ്പെഷ്യൽ പതിപ്പിന് എല്ലാ ആശംസകളും മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും, വിജയാശംസകളും നേരുന്നു.

**പി. ആർ. സജി**

**മുൻകൈക്കാരൻ**



2008 മുതൽ നമ്മുടെ ഇടവകയിലെ എല്ലാ കാര്യങ്ങളും ഏറ്റവും മനോഹരമായി ഇടവകകാരിലേക്ക് എത്തിക്കുന്ന ടച്ച്-മീ പാരിഷ് ബുള്ളറ്റിന്റെ 2015 മുതലുള്ള എഡിറ്റോറിയൽ ബോർഡ്, ജൂലായ് മാസത്തിൽ പ്രസിദ്ധീകരിക്കുന്ന സ്പെഷ്യൽ പതിപ്പിനും, അതിന്റെ അണിയറ പ്രവർത്തകർക്കും, എന്റേയും, സെന്റ് തോമസ് കുടുംബ കൂട്ടായ്മയുടേയും, ആശംസകളും, അഭിനന്ദനങ്ങളും, തുടർന്നും മനോഹരമായി മുന്നോട്ട് കൊണ്ട്പോകുവാൻ സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്.

**ലാലി വിനയൻ**

**സെക്രട്ടറി, സെന്റ് തോമസ് കുടുംബകൂട്ടായ്മ**



2008ൽ പ്രസിദ്ധീകരണം ആരംഭിച്ച, നമ്മുടെ ഇടവകയുടെ ശബ്ദമായ ടച്ച്-മീ പാരിഷ് ബുള്ളറ്റിൻ, ജൂലായ് മാസത്തിൽ പുറത്തിറക്കുന്ന 100-ാമത് സ്പെഷൽ പതിപ്പിന്, കുന്നംകുളം കെ.എൽ.എം. സംഘടനയുടെ എല്ലാവിധ ആശംസകളും നേരുന്നു

**കെ. ടി. ബൈജു**

**കെ. എൽ. എം. സെക്രട്ടറി, കുന്നംകുളം**

# കർമ്മലമാതാവേ! സ്വസ്തി!!



എല്ലാ രൂപതകളിലും ജൂലൈ 16-ാം തിയ്യതി ആഘോഷിക്കുന്ന ദൈവമാതാവിന്റെ ഒരു പെരുന്നാൾ ആണ് കർമ്മല മാതാവ്. കർമ്മലീത്താസഭ പലസ്തീനായിൽ കർമല മലയിൽ ആരംഭിച്ചു. കുരിശു യുദ്ധകാലത്ത് യൂറോപ്പിൽ പരന്നു. യൂറോപ്പിൽ ഈ സഭക്ക് അൽപം എതിർപ്പ് നേരിടേണ്ടി വന്നു. ഇംഗ്ലണ്ടിലെ അയിൻസ് ഫോർഡ് ആശ്രമത്തിൽ നിവസിച്ചിരുന്ന വിശുദ്ധ സൈമൺ സ്റ്റോക്ക് ആയിരുന്നു അന്നത്തെ സുപ്പീരിയർ ജനറൽ. അദ്ദേഹം ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു.

കർമ്മലയിലെ സുന്ദരകുസുമമേ, ഫലസമ്പൂർണ്ണയായ മുന്തിരി, സ്വർഗ്ഗത്തിന്റെ അന്യാദൃശ്യവും നിർമ്മലവും ആയ തേജസ്സേ, നിത്യ നിർമ്മല കന്യകയായിരുന്ന ദൈവപുത്രനെ പ്രസവിച്ചവളെ, ഇന്നത്തെ ആവശ്യങ്ങളിൽ എന്നെ സഹായിക്കണമേ, സമുദ്രതാരമേ, എന്നെ സഹായിക്കണമേ, രക്ഷിക്കണമേ, അങ്ങ് എന്റെ അമ്മയാണെന്ന് കാണിച്ചു തരണമേ.

1251 ജൂലൈ പരിനാറാം തീയതി അർദ്ധരാത്രി സൈമൺ സ്റ്റോക്ക് പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ വാനവ ഗണങ്ങളുടെ അകമ്പടിയോടുകൂടി കർമ്മലമാതാവ് പ്രത്യക്ഷപ്പെട്ടു. കർമ്മലോത്തരീയം നൽകിക്കൊണ്ട് പറഞ്ഞു, “എന്റെ സാഹോദര്യത്തിന്റെ അടയാളവും രക്ഷയുടെ അച്ചാരവും ആയ ഈ കപിലോത്തരീയം സ്വീകരിക്കുക. ഈ ഉത്തരീയം ധരിച്ച് മരിക്കുന്നവർ നശിക്കുകയില്ല.” ഈ സംഭവം കാട്ടുതീ പോലെ യൂറോപ്പും മുഴുവനും പ്രചരിച്ചു. ക്രമേണ ലോകമാസകലം ഉള്ള എല്ലാ ദൈവമാതൃഭക്തരും കർമ്മലോത്തരീയം ധരിക്കാൻ തുടങ്ങി.

1322ൽ സ്വർഗ്ഗരാജ്ഞി 22-ാം യോഹന്നാൻ മാർപാപ്പയ്ക്ക് കാണപ്പെട്ട് ഉത്തരീയം ധരിച്ചു മരിക്കുന്നവർക്ക് വേറൊരു വാഗ്ദാനവും കൂടെ ചെയ്തു. കൃപാവരങ്ങളുടെ രാജ്ഞിയായ ഞാൻ ശനി

യാഴ്ചതോറും ശുദ്ധീകരണ സ്ഥലത്ത് ഇറങ്ങിച്ചെന്ന് ഉത്തരീയം ധരിച്ച് മരിച്ചിട്ടുള്ളവരിൽ ചില വ്യവസ്ഥകൾ പാലിച്ചിട്ടുള്ളവരെയെല്ലാം മോചിക്കും. പ്രിയമുള്ളവരെ, ദൈവമാതൃപ്രതിഷ്ഠയുടെ ഒരു ചിഹ്നം എന്ന നിലയിൽ പതിമൂന്നാം ശതാബ്ദം മുതൽ നിലവിലിരിക്കുന്ന ഉത്തരീയം ഉപേക്ഷിക്കുന്നത് ഇന്ന് വിഹിതം ആണോ?

ഈ തിരുനാൾ ദിനത്തിൽ പുത്തൻ തീരുമാനങ്ങളോടെ അമ്മയുടെ കാപ്പയിൽ കീഴിൽ നമുക്ക് ചേർന്നു നിൽക്കാം. ഒന്നു ചേർന്ന് പാടാം.

ജയ ജയ കേരള കർമ്മല ജനനി
ജയ ജയ മാനവ വത്സല ജനനി
ജയാ ജയാ നീ നീണാൾ!


## രക്തദാനം! മഹാദാനം!!

**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്**
**കത്തോലിക്കാ കോൺഗ്രസ്സിന്റെ**
**നേതൃത്വത്തിൽ**
**തൃശൂർ IMA BLOOD BANK-മായി സഹകരിച്ച്**

***2023 ജൂലൈ 2 ഞായർ 10 am - 1.30 pm***

ഇടവക ദേവാലയ അങ്കണത്തിൽ വെച്ച്

# രക്തദാന ക്യാമ്പും

**ഡോ. ജിജു ബേബി ചുങ്കത്തിന്റെ നേതൃത്വത്തിൽ**

## *സൗജന്യ ഡയബറ്റിക് കൊളസ്ട്രോൾ ബ്ലഡ് പ്രഷർ പരിശോധനയും*

## P.S.A. TEST + MEDICAL CHECKUP
**(Above 45 Years - Males)**
**(ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്ക് മാത്രം)**

രക്തദാനത്തിന് തയ്യാറായുള്ളവരും,
പരിശോധനകൾ നടത്തുവാൻ ഉദ്ദേശിക്കുന്നവരും
കത്തോലിക്കാ കോൺഗ്രസ്സ് ഭാരവാഹികളുടെ പക്കൽ
മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

| പ്രസിഡണ്ട് | സെക്രട്ടറി | ട്രഷറർ |
|---|---|---|
| എൻ.ജെ. ജെയ്മോൻ | പി.ആർ. സജി | വി.ജെ. സുനിൽ |
| 88489 29956 | 92880 03897 | 94476 15901 |



# മഴക്കാലമെത്തി... രോഗങ്ങളും

നിത ഡിന്റോ (ഫിസിയോതെറാപ്പിസ്റ്റ്)



മഴക്കാലം പകർച്ച രോഗങ്ങളുടേയും കാലമാണ്. മനുഷ്യർക്കു മാത്രമല്ല... ജന്തുക്കൾക്കും... പ്രധാനമായും കാണപ്പെടുന്ന രോഗങ്ങളെ മനസ്സിലാക്കുന്നത്, മഴക്കാല രോഗങ്ങളിൽ നിന്ന് രക്ഷനേടാൻ സഹായിക്കും.

**വെള്ളത്തിൽ കൂടി പകരുന്നവ**

വയറിളക്ക രോഗങ്ങൾ : വൈറസ്, പലതരം ബാക്ടീരിയകൾ (സാൽമൊണല്ല, ഇ.കോളി), അമീബ (പരാദം) എന്നിവയെക്കൊണ്ടെല്ലാമാണ് സാധാരണയായി വയറിളക്കം, വയറുവേദന, ഛർദ്ദി, ക്ഷീണം തുടങ്ങിയ ലക്ഷണങ്ങളോടെ തുടങ്ങുന്ന രോഗം 2-8 ദിവസം വരെ നീണ്ടുനിൽക്കാറുണ്ട്. രോഗം മാരകമാകുമ്പോൾ രക്തം കലർന്ന മലം, അമിതമായ ക്ഷീണം, ബോധം മറയൽ തുടങ്ങിയ ലക്ഷണങ്ങൾ കാണിക്കുന്നു. ബാക്ടീരിയ മൂലമുള്ള രോഗങ്ങൾക്ക് ആന്റിബയോട്ടിക് മരുന്നുകൾ നൽകും. വൈറസ് ബാധ മൂലമുള്ള വയറിളക്ക രോഗമാണെങ്കിൽ നിർജ്ജലീകരണം തടയാനുള്ള ചികിത്സയാണ് നൽകാറുള്ളത്.

**കൊതുക്ജന്യ രോഗങ്ങൾ**

1) ഡെങ്കിപ്പനി, മലമ്പനി എന്നിവയാണ് കേരളത്തിൽ കണ്ടുവരുന്ന കൊതുകുജന്യ രോഗങ്ങളിൽ മുഖ്യം. ഡെങ്കിപനി പടർത്തുന്നത് 'ഈഡിസ് ഈജിപ്റ്റി' കൊതുകാണ്. ഇവയിൽ നിന്ന് മനുഷ്യശരീരത്തിലേക്ക് പ്രവേശിക്കുന്ന ഡെങ്കി വൈറസുകൾ, പനി, തലവേദന, സന്ധിവേദന, രക്തത്തിലെ പ്ലേറ്റ്ലെറ്റുകളുടെ അളവ് കുറയുമ്പോൾ ഉണ്ടാകുന്ന രക്തസ്രാവം (തൊലിപ്പുറത്തും ആന്തരിക അവയവങ്ങളുടേയും), ബി.പി. കുറഞ്ഞ് ഉണ്ടാകുന്ന 'ഡെങ്കി ഷോക്ക് സിൻഡ്രോം' എന്നിങ്ങനെ പലതീവ്രതയിൽ ലക്ഷണങ്ങൾ കാണിക്കാറുണ്ട്.

ലക്ഷണങ്ങൾ അനുസരിച്ചുള്ള ചികിത്സയിൽ ഒന്നര ആഴ്ചയ്ക്കുള്ളിൽ അസുഖം ഭേദമാകാറുണ്ട്. രോഗനിർണ്ണയത്തിനായി രക്തത്തിലെ ശ്വേതരക്താണുക്കളുടേയും പ്ലേറ്റ്ലെറ്റുകളുടേയും

അളവും മറ്റു അവയവങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്ന ലിവർ ഫങ്ഷൻ ടെസ്റ്റ്, കിഡ്നി ഫങ്ഷൻ ടെസ്റ്റ്, വൈറസിന്റെ സാന്നിദ്ധ്യം ഉണ്ടോ എന്നറിയാൻ ആന്റിജൻ ആന്റിബോഡി ടെസ്റ്റുകളും നടത്താറുണ്ട്.

2) മലമ്പനി/മലേറിയ കേരളത്തിൽ കൂടുതലായി കാണപ്പെടാറില്ല. ചിലപ്പോൾ ചുവന്ന രക്താണുക്കൾക്ക് ഉണ്ടാകുന്ന നാശം നിമിത്തം മസ്തിഷ്കം, ശ്വാസകോശം, വൃക്കകൾ, കരൾ എന്നിവയെ ബാധിച്ച് മാരകമാകാറുണ്ട്. 'അനോഫിലസ്' കൊതുകുകൾ പരത്തുന്ന ഈ രോഗത്തിന് ആന്റി മലേറിയൻ മരുന്നുകൾ ഉപയോഗിക്കുന്നു.

3) എലിപ്പനി, ചെള്ള്പനി തുടങ്ങിയ രോഗങ്ങളും മഴക്കാലത്ത് മലിന ജലത്തിൽ കൂടിയും ജന്തുക്കളിൽനിന്നും മനുഷ്യരിലേക്ക് പകരാം. എലിപ്പനിക്കു കാരണമാകുന്ന 'ലെപ്റ്റോസ്പൈറ' എന്ന രോഗാണു എലിമൂത്രം വഴി മനുഷ്യശരീരത്തിലേക്ക് പ്രവേശിച്ച് പനി, മഞ്ഞപ്പിത്തം, വൃക്കകളുടേയും കരളിന്റേയും പ്രവർത്തനകുറവ് എന്നീ ലക്ഷണങ്ങൾ കാണിക്കാറുണ്ട്. മലിനജലത്തിൽ ജോലി ചെയ്യേണ്ടവർ കൃത്യമായ മുൻകരുതലുകൾ എടുക്കുക. പരിസരശുചിത്വവും വ്യക്തി ശുചിത്വവുമാണ് ഇത്തരം രോഗങ്ങൾ തടയാനുള്ള വഴി.

**പ്രതിരോധ മാർഗ്ഗങ്ങൾ**

* തിളപ്പിച്ച് ആറിയ ശുദ്ധജലം മാത്രം ഉപയോഗിക്കുക.
* പഴങ്ങളും പച്ചക്കറികളും കഴുകി വൃത്തിയായി ഉപയോഗിക്കുക.
* വൃത്തിഹീനമായ സാഹചര്യങ്ങളിൽ ഉണ്ടാക്കുന്ന ഭക്ഷണപാനീയങ്ങൾ ഒഴിവാക്കുക. തുടങ്ങിയവ വയറിളക്ക രോഗങ്ങളിൽ നിന്ന് രക്ഷനേടാൻ സഹായിക്കും.

**കൊതുകുജന്യ രോഗങ്ങളിൽ നിന്ന് രക്ഷനേടാൻ**

* കൊതുകിന്റെ പ്രജനനത്തിനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക.
* കൊതുകുവല, കൊതുകുതിരി എന്നിവ ഉപയോഗിക്കാം.

എലിപ്പനിയിൽനിന്ന് രക്ഷനേടാൻ മലിനജലവുമായി സമ്പർക്കത്തിൽ ജോലി ചെയ്യുന്ന ആളുകൾ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുക. കാലിൽ മുറിവുകൾ ഉണ്ടെങ്കിൽ വലിയ ബൂട്ടുകൾ ഉപയോഗിക്കുക.

പ്രതിരോധത്തിനായി 'ഡോക്സിസൈക്ലിൻ' പോലെയുള്ള മരുന്നുകൾ ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശാനുസരണം ഉപയോഗിക്കുക.




22-ാം
ചരമവാർഷികം
15-07-2023
കല്ലച്ചൻമുറി വറീത്
പൈലി
ജനനം
25 – 06 – 1915
മരണം
15 – 07 – 2001
സന്തപ്ത കുടുംബാംഗങ്ങൾ




4th Death Anniversary
31-07-2023
ചാലിശ്ശേരി
കുറ്റൂക്കാരൻ
വറീത്
ഈനാശു
തെക്കേപ്പുറം
കുന്നംകുളം
ദുഃഖസ്മരണകളോടെ : കുടുംബാംഗങ്ങൾ

# ആശംസകൾ



പ്രസിദ്ധീകരണം ആരംഭിച്ച്, ഈ മാസത്തിൽ ടച്ച്-മീയുടെ സെഞ്ച്വറി പതിപ്പിറക്കുന്ന നിലവിലെ ടച്ച്-മീ എഡിറ്റോറിയൽ ബോർഡിനും, അവരുടെ തുടർന്നുള്ള ജൈത്രയാത്രയ്ക്കും ആശംസകൾ നേരുന്നു.

**ജോസ്സി ഫ്രാൻസീസ്**
മുൻ ഇടവക കൈക്കാരൻ



തൃശൂർ അതിരൂപതയിൽ കേവലം 210 കുടുംബങ്ങൾ മാത്രം ഉള്ള കുന്നംകുളം ഇടവക, ഇന്ന് അതിരൂപതയിൽ അറിയപ്പെടുന്നത് ടച്ച്-മീയുടെ പേരിലായിരിക്കും എന്നു പറഞ്ഞയിൽ ഒട്ടും അതിശയോക്തിയാവില്ല. നമ്മുടേതനിക്കാൾ ഒരുപാട് സാധ്യതകളുള്ള അതിരൂപതയിലെ വലിയ ഇടവകകളുടെ മാഗസിനുകളുമായി മാറ്റുരച്ചുകൊണ്ടാണ് നമ്മുടെ ടച്ച്-മീ പലമേഖലകളിലും വിജയകൊടിപാറിക്കുന്നത്. തീർച്ചയായും ഇടവക ജനങ്ങളുടെ മുഴുവൻ ഇടപെടലും, പങ്കാളിത്തവും എഡിറ്റോറിയൽ ബോർഡിന്റെ കാര്യക്ഷമതയും ആണ് ഇത്തരമൊരു നേട്ടത്തിന് ടച്ച്-മീയെ പ്രാപ്തമാക്കിയത്. 100-ാം പതിപ്പ് ഇറക്കുന്ന ഈ വേളയിൽ ടച്ച്-മീയുടെ പ്രവർത്തനകർക്ക് ഊഷ്മളമായ അഭിവാദനങ്ങളും ആശംസകളും അർപ്പിക്കുന്നു.

**തോമാച്ചൻ എം. എൽ.**
മുൻ ഇടവക കൈക്കാരൻ



കുന്നംകുളം ഇടവകയെ, തൃശൂർ അതിരൂപതയിൽ അറിയപ്പെടുന്നതിന് ഇടയാക്കിയ ടച്ച്-മീയുടെ നിലവിലുള്ള എഡിറ്റോറിയൽ ബോർഡിനും, അവർ പുറത്തിറക്കുന്ന ടച്ച്-മീയുടെ നൂറാമത് സ്പെഷ്യൽ പതിപ്പിനും എല്ലാവിധ ആശംസകളും അറിയിക്കുന്നു. ഈ എഡിറ്റോറിയൽ ബോർഡ് പ്രസിദ്ധീകരിച്ച കഴിഞ്ഞ നൂറ് ടച്ച്-മീ പതിപ്പുകൾ പുസ്തക രൂപത്തിലും, പിഡിഎഫ് രൂപത്തിലും വെബ്സൈറ്റിലൂടെ ലോകമെമ്പാടും വിരൽ തുമ്പിലൂടെയും എത്തിച്ചുകൊണ്ടിരിക്കുന്ന ടച്ച്-മീയുടെ പിന്നണിയിൽ പ്രവർത്തിക്കുന്ന എല്ലാ എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്കും കുന്നംകുളം ഇടവക മാതൃവേദിയുടെ പ്രാർത്ഥനാശംസകൾ

**ജിനി ജെയ്മോൻ**
സെക്രട്ടറി, മാതൃവേദി കുന്നംകുളം



തൃശൂർ അതിരൂപതാ തലത്തിൽതന്നെ, വിജയഭേരി മുഴക്കിക്കൊണ്ട് മുന്നോട്ടു കുതിക്കുന്ന, ടച്ച്-മീയുടെ നിലവിലുള്ള എഡിറ്റോറിയൽ ബോർഡ് ജൂലായ് മാസത്തിൽ പുറത്തിറക്കുന്ന ടച്ച്-മീയുടെ സ്പെഷ്യൽ പതിപ്പിന് സെന്റ് ജോസഫ് കുടുംബകൂട്ടായ്മയുടെ എല്ലാവിധ ആശംസകളും നേരുന്നു.

**എം. ആർ. ആന്റോ**
**പ്രസിഡണ്ട്, സെന്റ് ജോസഫ് കുടുംബകൂട്ടായ്മ**

# അനുബന്ധം 4
# സ്മരണീയമായ ചില തീയതികൾ

എ.ഡി. നവംബർ 21-നമ്മുടെ കർത്താവിന്റെ പന്ത്രണ്ടു ശ്ലീഹന്മാ
52 രിൽ ഒരാളായ മാർ തോമാശ്ലീഹാ കേരളത്തിൽ വന്ന് സുവിശേഷ പ്രസംഗം നടത്തി ക്രൈസ്തവ സഭയ്ക്ക് ബീജാവാപം ചെയ്തു. കേരളത്തിൽ ശ്ലീഹ സ്ഥാപിച്ച പ്രധാന പള്ളികൾ, കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ കോട്ടയ്ക്കാവ്, കോക്കമംഗലം, ചായൽ, നിരണം, കൊല്ലം.

72 ജൂലൈ 3 - മാർ തോമാശ്ലീഹാ മൈലാപ്പൂരിലെ ചിന്നമലയിൽ വെച്ചു രക്തസാക്ഷിത്വം വരിച്ചു. മൈലാപ്പൂരിൽ സംസ്ക്കരിക്കപ്പെട്ടു. ഈ ദിവസത്തെ 'ദുക്റാന' എന്നു വിളിക്കുന്നു.

190 - അലക്സാൻഡ്രിയായിൽ നിന്ന് വി. പന്തേനോസ് ക്രിസ്ത്യാനികളെ സഹായിക്കാൻ കേരളത്തിൽ വന്നു.

325 - നിഖ്യായിലെ പൊതു സൂനഹദോസിൽ ഇന്ത്യയുടെ മെത്രാപ്പോലീത്തയായ മാർ യോഹന്നാൻ സംബന്ധിച്ചു.

345 - ക്നായി തോമ്മാ കൊടുങ്ങല്ലൂരിൽ വന്നു. ഈ ആണ്ടിനു മലയാളത്തിലെ അക്ഷരക്കണക്കിൽ ശോ വാ ല (3-4-5) എന്നാണു പറയുന്നത്.

1567 ആഗസ്റ്റ് 29 - അങ്കമാലി അതിരൂപതാ സ്ഥാപനം.

1597 - അവസാനത്തെ വിദേശ സുറിയാനി മെത്രാപ്പോലീത്തയായ മാർ അബ്രാഹമിന്റെ ചരമം. അങ്കമാലിയിൽ വി. ഉറുമീസിന്റെ പള്ളിയിൽ സംസ്കരിക്കപ്പെട്ടു.



ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച്
വിശ്വാസപരിശീല വിദ്യാർത്ഥികൾ ഒരുക്കിയ മനുഷ്യചങ്ങല

1599 ജൂൺ 20-26 - ഉദയംപേരൂർ സൂനഹദോസ്, 9 യോഗങ്ങൾ നടന്നു. അതിൽ 153 വൈദികരും 660 ജനപ്രതിനിധികളും സംബന്ധിച്ചു.

1559 നവംബർ 5 - ഫ്രാൻസിസ് റോസ് എസ്.ജെ. സുറിയാനിക്കാരുടെ ആദ്യത്തെ ലത്തീൻ മെത്രാനായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

1600 ആഗസ്റ്റ് 4 - പാദ്രൊവാദൊ അധികാരം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മേൽ വ്യാപിപ്പിച്ചു.

1609 ഡിസംബർ 3 - അതിരൂപതയുടെ ആസ്ഥാനം അങ്കമാലിയിൽ നിന്ന് കൊടുങ്ങല്ലൂരിലേക്കു മാറ്റി.

1610 ഡിസംബർ 22 - ഗോവാ മെത്രാപ്പോലീത്താ സുറിയാനി മേലദ്ധ്യക്ഷന്മാർക്ക് ഇന്ത്യ മുഴുവനിലുമുണ്ടായിരുന്ന അധികാരം മലബാറിന്റെ വടക്കുഭാഗം മുതൽ തെക്കോട്ടായി അതിർത്തി നിശ്ചയിച്ചു ചുരുക്കി.

1653 ജനുവരി 3 - ഗാർസിയ എസ്.ജെ. മെത്രാപ്പോലീത്തയുടെ കാലത്ത് മട്ടാഞ്ചേരിയിൽവച്ച് ഭാരത സുറിയാനി സഭാംഗങ്ങൾ പോർച്ചുഗീസ് ഭരണത്തിനെതിരായി 'കൂനൻകുരിശുസത്യം' നടത്തി.

1653 മെയ് 22 - ആലങ്ങാട്ടുവച്ച് 12 പട്ടക്കാർ തോമസ് അർക്കദിയാക്കോന്റെ മേൽ കൈവച്ച് 'മെത്രാൻസ്ഥാനം' കൊടുത്തു.


1659 ഡിസംബർ 15 - ഇറ്റലിക്കാരനും കർമ്മലീത്താ സംഭാംഗവുമായ സെബസ്ത്യാനിയുടെ മെത്രാഭിഷേകം

1959 ഡിസംബർ 17 - സെബാസ്ത്യാനിയെ മലബാറിന്റെ അപ്പസ്തോലിക് കമ്മീസറിയും അഡ്മിനിസ്ട്രേറ്ററുമായി നിയമിച്ചു.

1659 ഡിസംബർ 24 - മലബാറിൽ മെത്രാനെ വാഴിച്ച് അദ്ദേഹത്തെ വികാരി അപ്പസ്തോലിക്കയായി നിയമിക്കുന്നതിനുള്ള അധികാരം ഏഴാം അലക്സാണ്ടർ മാർപാപ്പ എന്ന തിരുവെഴുത്തുപ്രകാരം സെബസ്ത്യാനി മെത്രാനു നല്കി.

1663 ഫെബ്രുവരി 1 - മേൽപ്പറഞ്ഞ തിരുവെഴുത്ത് അനുസരിച്ച് പള്ളിവീട്ടിൽ ചാണ്ടിയച്ചനെ മെഗരോയുടെ സ്ഥാനിക

## ഞങ്ങൾ ഒന്നായി



✤ ഈ ഇടവക സെന്റ് ജോസഫ് കുടുംബകൂട്ടായ്മ
ചുങ്കത്ത് ഡോ. ജിജു ബേബി + ജീന മകൾ റിയ
എറണാകുളം അങ്കമാലി അതിരൂപത
കോന്തുരുത്തി തളിയത്ത് അബ്രഹാം + ഷീജ മകൻ ഓസ്റ്റിൻ അബ്രഹാം

മെത്രാനും മലബാറിന്റെ പ്രഥമ വികാരി അപ്പസ്തോലിക്കയുമായി അഭിഷേചിച്ചു നിയമിച്ചു. ഇതുവരെ പോർട്ടുഗീസുഭരണത്തിനെതിരായി നിന്നവരിൽ ഭൂരിഭാഗവും ചാണ്ടിമെത്രാനെ തങ്ങളുടെ മേലദ്ധ്യക്ഷനായി സ്വീകരിച്ചു.

1665-1671 - മലബാറിൽ വന്നു താമസിച്ച യാക്കോബായ മെത്രാൻ മാർ ഗ്രിഗോറിയോസ്, യാക്കോബായ വിശ്വാസവും അനുസരിച്ചുള്ള ക്രമങ്ങളും നടപ്പാക്കി. ഈ ക്രമങ്ങൾ സ്വീകരിച്ചവർ ആദ്യം 'പുത്തൻ കൂറ്റു' കാർ എന്ന് അറിയപ്പെട്ടു. പിന്നീട് 'യാക്കോബായക്കാർ' എന്നു വിളിക്കപ്പെട്ടു. മറ്റു സുറിയാനിക്കാർ 'പഴയ കൂറ്റുകാർ' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

1674 മാർച്ച് 3 - ചാത്യാത്തുപള്ളി ചാണ്ടിമെത്രാൻ Exempt ആക്കി കല്പന കൊടുത്തു. മുൻകാലങ്ങളിലെ സുറിയാനി മേലദ്ധ്യക്ഷന്മാരെപ്പോലെ ഇദ്ദേഹവും ഇന്ത്യയൊക്കെയുടേയും മെത്രാപ്പോലീത്ത എന്നാണ് ഇതിൽ എഴുതിയിരിക്കുന്നത്. സുറിയാനിക്കത്തോലിക്കരിൽനിന്നു പിരിഞ്ഞ കത്തോലിക്കേതര മേലദ്ധ്യക്ഷന്മാർ ഇപ്പോഴും ഇങ്ങനെതന്നെയാണ് എഴുതുന്നത്.

*(തുടരും...)*

## കുടുംബകൂട്ടായ്മ പതാകദിനം





*പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാളിനോടനുബന്ധിച്ച്
കുടുംബകൂട്ടായ്മ പതാകദിനത്തിൽ കുടുംബകൂട്ടായ്മാ പതാക ഉയർത്തി
ഇടവക വികാരി റവ. ഫാ. ദാവീദ് വിതയത്തിൽ , ബ്രദർ ആകാശ് കെ. വെട്ടികാട്,
കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ലിയോൺ ജോർജ്ജ്
എന്നിവർ നേതൃത്വം നൽകി*




# പൈനാപ്പിൾ സാഗോ പായസം

ബിന്ദു രാജു

| | |
|---|---|
| പൈനാപ്പിൾ | 2 കപ്പ |
| ചൗവരി | 100 ഗ്രാം |
| കണ്ടൻസ്ഡ് മിൽക്ക് | 1 ടിൻ |
| പാൽ | 1 ലിറ്റർ |
| പഞ്ചസാര | 10 ടേബിൾ സ്പൂൺ |

പൈനാപ്പിൾ കൊത്തിയരിഞ്ഞ് അഞ്ച് ടേബിൾസ്പൂൺ പഞ്ചസാര ചേർത്ത് വിളയിക്കുക. ചൗവരി ഒന്നുചൂടാക്കി ഒരുവിധം ഫ്രൈ ആക്കുമ്പോൾ വെള്ളം തിളപ്പിച്ച് അതിലിട്ട് വേവിച്ചെടുക്കുക. എന്നിട്ട് ഊറ്റിയെടുത്ത് തണുക്കുവാൻ വെയ്ക്കുക. തണുക്കുമ്പോൾ കട്ടകെട്ടാതിരിക്കുവാൻ പരത്തി ഇടണം. പാലും മിൽക്ക് മെയ്ഡും കൂടി തിളപ്പിച്ച് ബാക്കി പഞ്ചസാരയും ചേർത്ത് ഒന്ന് വറ്റിക്കഴിയുമ്പോൾ ഇറക്കി വയെക്കുക. മുക്കാലും തണുത്തു കഴിയുമ്പോൾ ചൗവരിയും കൈതചക്ക വിളയിച്ചതും ചേർക്കുക. തണുപ്പിച്ച് ഉപയോഗിക്കാം.




കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്

**സെന്റ് തോമസ് കുടുംബകൂട്ടായ്മ വാർഷികം**

**2023 ജൂലൈ 30 ഞായർ വൈകീട്ട് 6.30ന്**
**സെഹിയോൻ ശാല (ഇടവക പാരിഷ് ഹാൾ)**

ഉദ്ഘാടനം : **റവ. ഫാ. ദാവീദ് വിതയത്തിൽ** (ഇടവക വികാരി)

**കലാപരിപാടികൾ** | **സമ്മാനദാനം** | **സ്നേഹവിരുന്ന്**

| പ്രസിഡണ്ട് | സെക്രട്ടറി | ട്രഷറർ |
|---|---|---|
| **പോയ്സ് ജേബി** | **ലാലി വിനയൻ** | **ലിയോൺ ജോർജ്ജ്** |

# ആശംസകൾ



ഈ ഇടവക കുടുംബത്തിന് പരസ്പര സ്നേഹത്തിന്റേയും, സാഹോദര്യത്തിന്റേയും കൂട്ടായ്മയുടേയും, ഐക്യത്തിന്റേയും പാഠശാലയായി ഒരു ചെറുതിരിവെട്ടം തെളിച്ചുമുന്നേറാൻ ടച്ച് - മീക്ക് ഇനിയും ആകട്ടെ എന്ന് ആശംസിക്കുന്നു. "OH LORD, TOUCH ME" എന്ന പ്രാർത്ഥനാ മന്ത്രം ദേവാലയത്തിലും, കുടുംബത്തിലും പ്രകമ്പനം കൊള്ളാൻ ഈ ബുള്ളറ്റിന്റെ "നാമത്തിന്" സാധിക്കട്ടെ. ടച്ച് - മീ എന്ന നാമം അതുവഴി അർത്ഥവത്താകട്ടെ. ഇതിന്റെ പിന്നിൽ അദ്ധ്വാനിക്കുന്ന പാവന കരങ്ങളെ നന്ദിയോടെ ഓർക്കുന്നു. സർവ്വശക്തൻ നയിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. കുടുംബങ്ങളെ അൾത്താരയോടു ചേർത്തു നിർത്താൻ ഈ ബുള്ളറ്റിൻ വഴിതെളിക്കട്ടെ. നല്ല കുടുംബങ്ങളും നല്ല ഇടവകയും, നല്ല നാടും കെട്ടിപടുക്കാൻ ഏവർക്കും തമ്പുരാൻ കൃപ ചൊരിയട്ടെ എന്ന് ആശംസിക്കുന്നു.

**സിസ്റ്റർ ആൻജോസ് സി. എം. സി.**
**സിസ്റ്റർ സുപ്പീരിയർ, ഹോളി ചൈൽഡ് കോൺവെന്റ്, ചിറളയം**



2015 മാർച്ച് കാലഘട്ടത്തിലെ കൈക്കാരന്മാരിലൊരാളായിരുന്നു ഞാൻ. 2015 മാർച്ചിലെ പ്രതിനിധി യോഗത്തിൽ, ടച്ച് - മീ പാരിഷ് ബുള്ളറ്റിൻ അതുവരെ പ്രസിദ്ധീകരണം നടത്തിയിരുന്ന കെ.സി. വൈ.എം. സംഘടനയ്ക്ക് തുടർന്ന് പ്രസിദ്ധീകരിക്കാൻ സാധിക്കില്ല എന്ന് അറിയിച്ചപ്പോൾ ആരും ഏറ്റെടുക്കാൻ തയ്യാറില്ലാത്ത സാഹചര്യത്തിൽ, സ്വയം മുന്നോട്ട് വന്ന്, ടച്ച് - മീയുടെ ചുമതല ഏറ്റെടുത്ത്, അതിരൂപത തലത്തിൽ സമ്മാനങ്ങൾ വാരിക്കൂട്ടി, നമ്മുടെ കൊച്ചു ഇടവകയെ അതിരൂപതാ തലത്തിലേക്ക് ഉയർത്തികൊണ്ടുവന്ന നിലവിലുള്ള എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെ എത്രതവണ അഭിനന്ദിച്ചാലും മതിയാകുകയില്ല. അവർ ഈ മാസത്തിൽ പുറത്തിറക്കുന്ന 100 - ാമത് സ്പെഷ്യൽ പതിപ്പിനും, അതിന്റെ അണിയറ പ്രവർത്തകർക്കും എല്ലാവിധ ആശംസകളും ഭാവുകങ്ങളും അഭിനന്ദനങ്ങളും നേരുന്നു

**കെ. ജി. ഷാബു**
മുൻ ഇടവക കൈക്കാരൻ



നമ്മുടെ ഇടവകയെ അതിരൂപതാ തലത്തിൽ ശ്രദ്ധേയമാക്കുന്നതിൽ ടച്ച് - മീ പാരിഷ് ബുള്ളറ്റിൻ വഹിച്ച പങ്ക് എടുത്തുപറയേണ്ടതാണ്. ഇടവകയിലെ വാർത്തകളും പ്രധാനപ്പെട്ട വിവരങ്ങളും ഇടവക ജനങ്ങളിലേക്ക് എത്തിക്കുന്നതിനോടൊപ്പം കുട്ടികൾക്കുള്ള പംക്തികളും ടച്ച് - മീയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഈ ബുള്ളറ്റിന്റെ സവിശേഷതയാണ്. നൂറാം സ്പെഷ്യൽ പതിപ്പ് പുറത്തിറക്കുന്ന നമ്മുടെ സ്വന്തം ടച്ച് - മീക്കും, ഭാരവാഹികൾക്കും പ്രത്യേക അഭിനന്ദനങ്ങൾ നേരുന്നു. ഒപ്പം ഇനിയും മികച്ച രീതിയിൽ മുന്നോട്ടുപോകുവാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

**സാന്ദ്ര എം. സുനിൽ**
**സെക്രട്ടറി, സെന്റ് സേവ്യേഴ്സ് കുടുംബകൂട്ടായ്മ**

## ആശംസകൾ



ഇടവകയെന്ന കുടുംബസങ്കല്പത്തിലുള്ള പാരീഷ്ബുള്ളറ്റിൻ പോലുള്ള പൊതുപ്രവർത്തനങ്ങൾ നമ്മുടെ മുന്നോട്ടുപോക്കിന് അനിവാര്യമായിരിക്കുകയാണ്. നമ്മളെല്ലാവരും ഒന്നാണെന്നും സഹോദരങ്ങളാണെന്നും ജീവിതയാത്രയിൽ ആരും ഒറ്റക്കല്ലെന്നും ഉള്ള ബോധ്യം 2008 സെപ്തംബർ മുതൽ ടച്ച് - മീയിലൂടെ നമ്മൾ പകരുന്നുണ്ട്. ഇപ്പോൾ നിലവിലുള്ള എഡിറ്റോറിയൽ ബോർഡിന്റെ നേതൃത്വത്തിലുള്ള 100 - ാമത്തെ പാരീഷ് ബുള്ളറ്റിൻ പുറത്തിറങ്ങുകയാണ്. തീർച്ചയായും ഈ എഡിറ്റോറിയൽ ബോർഡ് അഭിനന്ദനം അർഹിക്കുന്നു. ഏറെ സന്തോഷത്തോടെ നിറഞ്ഞ മനസ്സോടെ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു. വിതയ്ക്കപ്പെട്ട വിത്തുകളും പുറത്തുവിട്ട വാക്കുകളും വെറുതെയിരിക്കുന്നില്ല.

**ജിജോ കെ. ജോർജ്ജ്**
മുൻ ഇടവക കൈക്കാരൻ



നമ്മുടെ ഇടവകയുടെ സ്വന്തം വാർത്താ മാധ്യമമായ ടച്ച് - മീയുടെ എഡിറ്റോറിയൽ ബോർഡ് പുറത്തിറക്കുന്ന 100 - ാമത് സ്പെഷ്യൽ പതിപ്പിലേക്ക് മുൻ കൈക്കാരനെന്ന നിലക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ. അതോടൊപ്പം ഇത്രയുംനാളും ഇത്രയും ഭംഗിയായി ഇതിനു പിന്നിൽ പ്രയത്നിച്ചുകൊണ്ടിരിക്കുന്ന എല്ലാ എഡിറ്റോറിയൽ അംഗങ്ങൾക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. ഇനിയും നൂറ് നൂറ് പതിപ്പുകൾ പ്രസിദ്ധീകരിക്കുവാൻ ഇപ്പോഴത്തെ അംഗങ്ങളും ഇനി വരാനിരിക്കുന്ന എഡിറ്റോറിയൽ ബോർഡിനും സാധിക്കുവാൻ എന്റേയും കുടുംബത്തിന്റേയും പ്രാർത്ഥനാശംസകൾ. ഇനിയും ഇടവക ബുള്ളറ്റിനുകളുടെ മത്സരങ്ങളിൽ സമ്മാനം നേടുവാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

**പി.ജെ. ടോണി**
**മുൻ ഇടവക കൈക്കാരൻ**



കുന്നംകുളം ഇടവകയുടെ നെടുംതൂണായി നിന്ന് ശബ്ദമറ്റ് പോകുന്ന കാലത്ത്, ശബ്ദിക്കുന്ന സ്വരമായി തിരുസഭയോടും ഇടവകയോടും ഒപ്പം ചേർന്ന് തളരാതെ നല്ലതുകളെ അഭിനന്ദിക്കാനും തെറ്റുകളെ വിമർശിക്കാനും അറിവുകളും കഴിവുകളും പ്രകടിപ്പിക്കാനും അവ പ്രോത്സാഹിപ്പിക്കാനും ടച്ച് - മീ നടത്തുന്ന പടയോട്ടം ഏറെ പ്രശംസ അർഹിക്കുന്നു. തളർന്നുപോകുന്തോറും ഒരു ഫിനിക്സ് പക്ഷിയെപോലെ പറന്നുയരുന്ന ടച്ച് - മീ, അതിന് ചുക്കാൻ പിടിക്കുന്ന എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ, ഈ മാസത്തിൽ 100 - ാമത് സ്പെഷ്യൽ എഡിഷൻ പ്രസിദ്ധീകരിക്കുന്നു എന്ന് അറിഞ്ഞതിൽ ഇടവകയുടെ യുവജനശക്തിയായ സി.എൽ.സി.ക്ക് ഏറെ അഭിമാനവും സന്തോഷവും ഉണ്ട്. ടച്ച് - മീയെ നയിക്കുന്ന അതിന്റെ എഡിറ്റോറിയൽ കുടുംബാംഗങ്ങൾക്ക് ഇനിയും ടച്ച് - മീയെ ഒരുപാട് ഉയരങ്ങളിൽ എത്തിക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.


**ജെറിൻ ജോസഫ് ജെയ്മോൻ**
പ്രസിഡണ്ട്, സി.എൽ.സി. കുന്നംകുളം

ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : .................................................... ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ : .................................... ഫോൺ നമ്പർ :.............................


കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി

Thabitha John, Class : 2 , St. George Kudumba Koottayma

ചിൽഡ്രൻസ് കോർണർ

# ചിത്രശാല

## ചിത്രരചന ലളിതമായി... ഘട്ടംഘട്ടമായി...



ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7–ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ: ............................................. ഫോൺ നമ്പർ :..................................

# വചന കലണ്ടർ

## 2023 ജൂലൈ JULY

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | | | **1**<br>2 പത്രോ 1:3 – 9<br>യോഹ 6:60 – 63 |
| **2**<br>നിയ 4:1 – 8<br>ഏശ 2:1 – 5<br>1 കോറി 10:23 – 31<br>ലൂക്കാ 12:57 – 13:5 | **3**<br>എഫേ 2:19 – 22<br>യോഹ 20:24 – 29 | **4**<br>2 കോറി 5:1 – 7<br>മർക്കോ 4:21 – 25 | **5**<br>2 കോറി 1:12 – 15<br>ലൂക്കാ 15:8 – 10 | **6**<br>റോമാ 11:1 – 10<br>മർക്കോ 10:46 – 52 | **7**<br>റോമാ 13:1 – 6<br>മത്താ 33:15 – 22 | **8**<br>റോമ 7:7 – 13<br>മർക്കോ 12:38 – 44 |
| **9**<br>നിയ 4:10 – 14<br>ഏശ 5:8 – 20<br>1 കോറി 16:1 – 14<br>ലൂക്കാ 13:22 – 30 | **10**<br>2 കോറി 2:5 – 11<br>മത്താ 12:38 – 42 | **11**<br>റോമാ 13:7 – 10<br>മർക്കോ 1:29 – 34 | **12**<br>1 കോറി 7:17 – 24<br>ലൂക്കാ 16:9 – 17 | **13**<br>2 കോറി 4:1 – 6<br>മത്താ 23:13 – 22 | **14**<br>റോമ 8:28 – 39<br>മത്താ 10:37 – 42 | **15**<br>1 കോറി 7:8 – 16<br>മത്താ 19:1 – 12<br>2 കോറി 1:3 – 7<br>ലൂക്കാ 11:24 – 28 |
| **16**<br>1 രാജ 18:30 – 39<br>1 രാജ 18:30 – 39<br>ശ്ലീഹ 5:12 – 20<br>1 കോറി 1:9 – 16<br>ലൂക്കാ 14:7 – 14 | **17**<br>1 കോറി 11:17 – 22<br>മത്താ 21:28 – 32 | **18**<br>1 കോറി 14:20 – 25<br>ലൂക്കാ 19:11 – 27 | **19**<br>1 തിമോ 6:11 – 16<br>യോഹ 10:22 – 28 | **20**<br>1 കോറി 14:13 – 19<br>യോഹ 8:48 – 59 | **21**<br>2 കോറി 10:3 – 11<br>ലൂക്കാ 12:4 – 12 | **22**<br>2 കോറി 6:14 – 18<br>മർക്കോ 2:1 – 12 |
| **23**<br>നിയ 4:32 – 40<br>ഏശ 4:2 – 6<br>2 കോറി 3:4 – 12<br>ലൂക്കാ 15:11 – 32 | **24**<br>യാക്കോ 1:12 – 18<br>മത്താ 7:21 – 28 | **25**<br>1 കോറി 4:6 – 15<br>മത്താ 20:20 – 28 | **26**<br>ഹെബ്രാ 11:8 – 12<br>മത്താ 1:1 – 16 | **27**<br>യാക്കോ 1:2 – 8<br>മർക്കോ 11:12 – 14, 20 – 26 | **28**<br>ഗലാ 2:19 – 21<br>യോഹ 12:20 – 26 | **29**<br>യാക്കോ 2:1 – 8<br>ലൂക്കാ 14:15 – 24<br>വി. മർത്താ<br>1 യോഹ 4,7 – 16<br>യോഹ 11:17 – 26 |
| **30**<br>നിയ 5:6 – 16<br>ഏശ 5:1 – 7<br>2 കോറി 7:1 – 11<br>യോഹ 9:1,12,35,38 | **31**<br>1 കോറി 10:31, 11:1<br>ലൂക്കാ 14:25 – 33 | **1**<br>യാക്കോ 3:13 – 18<br>ലൂക്കാ 4:25 – 30 | **2**<br>2 കോറി 5:15 – 21<br>മത്താ 1:16 – 20 | **3**<br>യാക്കോ 5:13 – 20<br>മത്താ 10,5 – 15 | **4**<br>2 കോറി 1:3 – 7<br>മത്താ 9:35 – 10:1 | **5**<br>5 യാക്കോ 4:13 – 17<br>ലൂക്കാ 9:49 – 56 |

*True love isn't found,*
*it's built. Thank you for*
*building this great love*
*with me and making me*
*believe fairytales exist.*

29 YEARS OF TOGETHERNESS
17-07-2023



# Dr. Giju Baby Chungath
# & Geena Giju

Chungath House, Nehru Nagar IIIrd Avenue, Kunnamkulam

---

*Best Compliments From*
*Rhea | Austin | Neha*





T.T.DEVASSY JEWELLERY

SINCE 1941

KUNNAMKULAM

CALICUT ROAD, MOB: 94969 16000

www.ttdevassyjewllery.com ttdevassy



Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM